കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം

e-mail:lfadtvm@yahoo.in, dotvm.ksad@kerala.gov.in

**അഴൂർ ഗ്രാമപഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് 2018-19**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

**നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/65/2020**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം,

ഫോൺ-0471-2331231

ഇ-മെയിൽ- lfadtvm@yahoo.in

തീയതി: **01.03.2020**

**ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ് (സെക്രട്ടറി മുഖേന),**
**അഴൂർ ഗ്രാമപഞ്ചായത്ത്**

സർ,

വിഷയം : അഴൂർ ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) -ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

**വിശ്വസ്തതയോടെ,**

**ഒപ്പ്**

**ഡെപ്യൂട്ടി ഡയറക്ടർ**

<u>പകർപ്പ്:</u>

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/65/2020 തീയതി 01.03.2020

**തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം1-വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 12.01.2019 മുതൽ 08.12.2019 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 54 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 47 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | **ശ്രീ.എം.ഷാജഹാൻ, ഡെപ്യൂട്ടി ഡയറക്ടർ** |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | **09.12.2019 മുതൽ 21.12.2019 വരെ** |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ**

| പേര് | ഉദ്യോഗപ്പേര് |
|---|---|
| ശ്രീ. സാബു. ജി. | ഓഡിറ്റ് ഓഫീസർ |
| ശ്രീമതി ബിന്ദു.ഒ. | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീ. സുജേഷ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീ. വിനോദ്.എസ്. | സീനിയർ ഗ്രേഡ് ഓഡിറ്റർ |

**<u>നിർവഹണാധികാരികൾ</u>**

| | പേര് | കാലയളവ് |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.റ്റി.ഇന്ദിര | 01.04.2018 മുതൽ 31.03.2019 വരെ |
| സെക്രട്ടറി | ശ്രീ. അപ്സരകുമാർ വി.കെ. | 01.04.2018 മുതൽ 07.08.2018വരെ |
| | ശ്രീ. ഷിബു പ്രണബ്.ആർ.എസ്. | 08.08.2018 മുതൽ 21.10.2018 വരെ |
| | ശ്രീ. സലിൽ.എ.സോണി | 22.10.2018 മുതൽ 31.03.2019 വരെ |

**<u>നിർവ്വഹണോദ്യോഗസ്ഥർ</u>**

| നിർവഹണോദ്യോഗസ്ഥർ | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.രാജീവ്. ജി.വി. | 01.04.2018 മുതൽ 31.03.2019 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. രാമസുധ | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ. പത്മപ്രസാദ്.ബി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. എ.കെ.സുമി | 01.04.2018 മുതൽ 16.07.2018 വരെ |
| | ഡോ.ശ്രീകാന്ത് | 17.07.2018 മുതൽ 31.03.2019 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.സ്മിത.പി.എസ്. | 01.04.2018 മുതൽ 17.06.2018 വരെ |
| | ഡോ.അശ്വതി. കെ | 18.06.2018 മുതൽ 15.01.2019 വരെ |
| | ഡോ. സുനിൽകുമാർ | 16.01.2019 മുതൽ 31.03.2019 വരെ |
| വെറ്റിനറി സർജൻ | ഡോ.സുനിൽ വിൽസൺ | 01.04.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 1 | ശ്രീമതി. മായ.സി | 01.04.2018 മുതൽ 09.06.2018 വരെ |
| | ശ്രീ. മഹേഷ് | 10.06.2018 മുതൽ 31.03.2019 വരെ |
| വി.ഇ.ഒ - 2 | ശ്രീ. ബിനപ്രസാദ് | 01.04.2018 മുതൽ 23.04.2018 വരെ |
| | ശ്രീ. നൗഫൽ | 24.04.2018 മുതൽ 31.03.2019 വരെ |
| കൃഷി ഓഫീസർ | ശ്രീമതി ശ്രീവൽസ.പി.ശ്രീനിവാസൻ | 01.04.2018 മുതൽ 02.11.2018 വരെ |
| | ശ്രീമതി അനശ്വര.ആർ.എസ്. | 03.11.2018 മുതൽ 31.03.2019 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി ബ്രിന്ദ | 01.04.2018 മുതൽ 31.03.2019 വരെ |
| എച്ച്.എം, | ശ്രീമത ഷൈലജ.ബി.എസ്. | 01.04.2018 മുതൽ 31.03.2019 വരെ |
| ക്ഷീര വികസന ഓഫീസർ | ശ്രീമതി. ശ്രീത.റ്റി | 01.04.2018 മുതൽ 21.11.2018 വരെ |
| | ശ്രീമതി. ജയശ്രീ. ഐ. | 22.11.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**

| ക്രമ നമ്പർ | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം- 1<br>ഓഡിറ്റ് റിപ്പോർട്ട് | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | ഫണ്ട് വിനിയോഗം | 1-4 |
| 5 | പദ്ധതി അവലോകനം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷികകണക്കുകളിലെ അപാകതകൾ | 1-11 |
| 12 | ബജറ്റ് രൂപീകരണം-നടപടിക്രമം പാലിച്ചില്ല | 1-12 |
| 13 | പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിന്മേൽ നടപടികളില്ല | 1-13 |
| 14 | കാരണം രേഖപ്പെടുത്താതെ രസീത് ബുക്കുകൾ ക്യാൻസൽ ചെയ്യുന്നു | 1-14 |
| 15 | അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസ് - ശരിയായ നിരക്ക് ഈടാക്കുന്നില്ല | 1-15 |
| 16 | കെട്ടിട നികുതി നിർണ്ണയം - അപാകതൾ നിറഞ്ഞത് | 1-16 |
| 17 | അപൂർണ്ണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി | 1-17 |
| 18 | റേഷൻ കടകൾക്ക് ലൈസൻസ് നൽകിയിട്ടില്ല. | 1-18 |
| 19 | ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല | 1-19 |
| 20 | കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. | 1-20 |
| 21 | ഇ-ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ് | 1-21 |
| 22 | പ്രവൃത്തിയുടെ അളവിനേക്കാൽ കൂടുതൽ തുക നൽകി . 5694/- രൂപ നിരാകരിക്കുന്നു | 1-22 |
| 23 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു. 21347/-രൂപ നിരാകരിക്കുന്നു. | 1-23 |
| 24 | സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല. | 1-24 |
| 25 | റോഡ് കണക്റ്റിവിറ്റി ഭൂപടവും റോഡ് കണക്റ്റിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല. | 1-25 |
| 26 | ഇ-ടെണ്ടറിംഗ് നടപടി സ്വീകരിച്ചിട്ടില്ല. | 1-26 |
| 27 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അവശേഷിക്കുന്നു. | 1-27 |
| 28 | കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയ ഇനത്തിലെ ചെലവ് - ബിൽ ബുക്ക് പ്രകാരം രണ്ട് തവണ പെയ്മെന്റ് നിർവ്വഹിച്ചു - 134536/- രൂപയുടെ ചെലവ് തടസ്സം ചെയ്യുന്നു. | 1-28 |
| 29 | ക്ഷീരസമൃദ്ധി - ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭ്യമായില്ല. | 1-29 |
| 30 | പ്രോജക്ട് രൂപീകരണം - ഫണ്ട് വകയിരുത്തലിൽ അപാകം | 1-30 |
| 31 | കാലിതൊഴുത്ത് നവീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ | 1-31 |
| 32 | കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ | 1-32 |

| | | |
|---|---|---|
| 33 | വിവിധ പ്രോജക്ടുകൾ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. | 1-33 |
| 34 | കാലഹരണപ്പെട്ട മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തു | 1-34 |
| 35 | പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് തുക ചെലവ് ചെയ്തു. | 1-35 |
| 36 | വാഹനം വാടകയ്ക്ക് എടുത്തതിന്റെ അനുബന്ധ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല | 1-36 |
| 37 | എൽ.പി.എസ് സ്മാർട്ട് ക്ലാസ് റൂമിലേക്ക് ഫർണിച്ചർ വാങ്ങൽ- പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ചെലവ് ചെയ്തു | 1-37 |
| 38 | സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പ് – സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല. | 1-38 |
| 39 | വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം പൂർണമായും പാലിച്ചില്ല. | 1-39 |
| 40 | എച്ച്.എം.സി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 1-40 |
| | **ഭാഗം-2**<br>**വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| | **ഇല്ല** | |
| | **ഭാഗം-3**<br>**ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ** | |
| 41 | പ്രവൃത്തിയുടെ അളവിനേക്കാൽ കൂടുതൽ തുക നൽകി . 5694/- രൂപ നിരാകരിക്കുന്നു | 3-1 |
| 42 | റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു. 21347/-രൂപ നിരാകരിക്കുന്നു. | 3-2 |
| | **ഭാഗം-4**<br>**പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും** | |
| 43 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 44 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 45 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 46 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 47 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 48 | സ്ഥിര നിക്ഷേപം | 4-6 |
| 49 | ഓഡിറ്റ് റിക്കവറി | 4-7 |
| 50 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 51 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 52 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 53 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |


# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ബജറ്റ് 26.03.2018 ലെ 1 ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 14.02.2019 ലാണ് അംഗീകരിച്ചത് (തീരുമാനം നമ്പർ 2).

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാന തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 21.05.2019 | - | - |

# 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8918551 |
| വരവ് | 101763818 |
| ആകെ | 110682369 |
| ചെലവ് | 99588719 |
| നീക്കിയിരിപ്പ് | 11093650 |

# 1-4 ഫണ്ട് വിനിയോഗം

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് | 0 | 20706855 | 20706855 | 20706855 | 0 |
| വികസന ഫണ്ട് (എസ്.സി) | 0 | 8992446 | 8992446 | 8992446 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 6124000 | 6124000 | 6124000 | 0 |
| മെയിന്റനൻസ് ഫണ്ട് (നോൺ.റോഡ്) | 0 | 4605952 | 4605952 | 4605952 | 0 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 10611000 | 10611000 | 10611000 | 0 |
| ട്രഷറി തനത് ഫണ്ട് | 46364 | 11890953 | 11937317 | 11813892 | 123425 |
| എം.എൻ.ആർ. ഇ.ജി.എസ് | 3931 | 574278 | 578209 | 575145 | 3064 |
| ബി-ഫണ്ട് | 0 | 1251320 | 1251320 | 1251320 | 0 |
| കേരള ഗ്രാമീൺ ബാങ്ക് | 5754133 | 36767610 | 45503310 | 34775553 | 2165051 |
| എസ്.ബി.ഐ തനത് ഫണ്ട് | 2981567 | | | | 8562706 |
| ക്യാഷ് | 132556 | 239404 | 371960 | 132556 | 239404 |
| | 8918551 | 101763818 | 110682369 | 99588719 | 11093650 |

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ |
|---|---|---|---|---|---|---|

| (എണ്ണം) | | (എണ്ണം) | | (എണ്ണം) | (എണ്ണം) | ശതമാനം |
|---|---|---|---|---|---|---|
| 169 | 145720568 | 131 | 82150755 | 0 | 38 | 77 |

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 3931 | 574278 | 578209 | 575145 | 3064 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് | 0 | 61116597 | 61116597 | 61116597 | 0 |
| ആകെ | 3931 | 61690875 | 61694806 | 61691742 | 3064 |

എം.ജി.എൻ.ആർ.ഇ.ജി.എസ് വരവ് ചെലവ് തമ്മിൽ 3064/- രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു. ഇത് അൺക്യാഷ്ഡ് ചെക്ക് ആകുന്നു.

# 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 721320 | 404 |
| കർഷക തൊഴിലാളി പെൻഷൻ | 1098400 | 81 |
| വിധവാ പെൻഷൻ | 21810700 | 1825 |
| വാർദ്ധക്യകാല പെൻഷൻ | 38884000 | 3334 |
| വികലാംഗ പെൻഷൻ | 5399900 | 451 |
| വിവാഹ ധനസഹായം | 530000 | 19<br>(10000 X 2)<br>(30000 X 17) |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന, 10-12-2019 4.00 PMന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 20263/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-9 ആഭ്യന്തരനിയന്ത്രണം

<u>ഫ്രണ്ട് ഓഫീസ് സംവിധാനം</u>

ഫ്രണ്ട് ഓഫീസ് തൃപ്തികരമായി പ്രവർത്തിക്കുന്നുണ്ട്. തപാലുകളുടെ കൂടെയോ പ്രത്യകമായോ ലഭിക്കുന്ന ആധാരങ്ങൾ, ബോണ്ടുകൾ എന്നിവ ഫ്രണ്ട് ഓഫീസിൽ സ്വീകരിച്ച് രജിസ്റ്റർ ചെയ്യുകയും സെക്യൂരിറ്റി രജിസ്റ്ററിൽ ചേർത്ത് ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയിൽ സൂക്ഷിക്കുകയും ചെയ്യുന്നില്ല. കൂടാതെ സർക്കാർ ഉത്തരവ് നം. 123/2009 ത.സ്വ.ഭവ തീ.02.07.2009 അനുബന്ധം 4 പ്രകാരം മെസ്സേജ് ബുക്ക് സൂക്ഷിക്കുന്നില്ല. ഇതിനു പുറമേ ഏഴു ദിവസത്തിനകം കൈപ്പറ്റാത്ത സേവനങ്ങൾ തപാൽ മാർഗ്ഗം അയക്കുകയോ ഡെസ്പാച്ച് വിവരം ഡയറിയിൽ രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല. ഫ്രണ്ട് ഓഫീസിൽ ടോക്കൺ സംവിധാനം ഏർപ്പെടുത്തിയിട്ടില്ല.

## പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ്

ഗ്രാമപഞ്ചായത്തിൽ പ്രൊക്വയർമെന്റ് കമ്മിറ്റി മിനിറ്റ്സ് തൃപ്തികരമായി പരിപാലിക്കുന്നില്ല.

മിനിറ്റ്സ് ബുക്കിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. പേജുകൾ ബ്ലാങ്കായി ഇട്ടിരിക്കുന്നു. യോഗത്തിൽ പങ്കെടുത്തവരുടെ പേരുവിവരം, ഒപ്പുകൾ എന്നിവ രേഖപ്പെടുത്തുന്നില്ല.

## ഇ ടെണ്ടർ രജിസ്റ്റർ

ഇ-ടെണ്ടർ രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ അപൂർണമാണ്. രേഖപ്പെടുത്തലുകൾ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല.

## രസീത് ബുക്കുകളുടെ പരിപാലനം

രസീതു ബുക്കുകളുടെ പരിപാലനം തൃപ്തികരമാണെങ്കിലും ക്യാൻസൽ ചെയ്യുന്നവയിൽ കാരണം രേഖപ്പെടുത്തുന്നില്ല.

## തെരുവ് വിളക്ക് മീറ്ററിംഗ് പരിപാലനം - സർക്കാർ നിർദ്ദേശം പൂർണ്ണമായും പാലിച്ചിട്ടില്ല

തെരുവ് വിളക്കുകൾക്ക് മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. കെ.എസ്.ഇ.ബി- യുമായി ചേർന്ന് സംയുക്ത പരിശോധന നടത്തിയിട്ടില്ല.

## പൊതുടാപ്പുകളുടെ ഉപയോഗം- നടപടിക്രമം പൂർണമായും പാലിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിലുള്ള പൊതുടാപ്പുകളുടെ എണ്ണം ജല അതോറിറ്റിയുടെ സഹായത്തോടെ തിട്ടപ്പെടുത്തിയിട്ടില്ല. ജലം ലഭ്യമാകുന്ന പൊതുടാപ്പുകൾക്ക് മീറ്റർ ഘടിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടില്ല.

## പദ്ധതികൾ ശരിയാം വിധം ആസൂത്രണം ചെയ്യപ്പെടുന്നില്ല.

വിവിധ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ അസി.എഞ്ചിനീയർ, കൃഷി ഓഫീസർ, വെറ്റിനറി സർജൻ തുടങ്ങിയ നിർവ്വഹണോദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തുകയോ ആവശ്യകതാ നിർണയം നടത്തുകയോ ചെയ്യുന്നില്ല. ആയതിനാൽ പദ്ധതികൾ അപൂർണമാകുകയോ, ഗുണഭോക്താക്കളുടെ അഭാവത്തിന് കാരണമാകുകയോ

ചെയ്യുന്നു. ഇതിനുപുറമേ ആനുകൂല്യങ്ങൾ നൽകുന്നതിന് ഗുണഭോക്താക്കളുടെ മുൻഗണനാക്രമം കൃത്യമായി പാലിക്കപ്പെടുന്നില്ല. കൂടാതെ അധികമായി തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് തൊട്ടടുത്ത ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങി ഫയലിൽ സൂക്ഷിക്കുന്നുമില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.09.2019 | 07/2019 മുതൽ 08/2019 വരെ | 24.09.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.07.2016 | 2011-12 മുതൽ 2015-16 വരെ | 29.09.2016 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

2018-19 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് കെ.എസ്.എ.റ്റി.വി.എം/ജി.പി.8/1445/19 തീയതി 17.08.2019 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിട്ടുണ്ട്.

## 1-12 ബജറ്റ് രൂപീകരണം-നടപടിക്രമം പാലിച്ചില്ല.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസൽ ആവശ്യപ്പെടൽ | 2017ഡിസംബർ 15-ന് മുൻപ് | 19-12-2017, 21-02-2018 എന്നീ തീയതികളിലെ തീരുമാനങ്ങൾ പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട് |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രൊപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2018ജനവരി 15-ന് മുൻപ് | സമയബന്ധിതമായി സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ ചേരൽ | 2018ജനവരി 25-ന് മുൻപ് | ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി, ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മിറ്റി എന്നിവ യഥാക്രമം 12-02-2018, 09-03-2018 എന്നീ തീയതികളിൽ ആണ് യോഗം ചേർന്ന് നിർദ്ദേശങ്ങൾ സമർപ്പിച്ചത്. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് | 2018ഫെബ്രുവരി | 12-03-2018 ലെ ധനകാര്യ |

| | | | |
|---|---|---|---|
| | കമ്മിറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 1-ന് മുൻപ് | സ്റ്റാൻഡിംഗ് കമ്മിറ്റി ആണ് ബജറ്റ് പ്രൊപ്പോസലുകൾ സമർപ്പിക്കുകയും ക്രോഡീകരിക്കുകയും ചെയ്യത്. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2018ഫെബ്രുവരി 28-ന് മുൻപ് | 13-03-2018 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 2(2) നമ്പർ തീരുമാന പ്രകാരമാണ് വാർഷിക പദ്ധതി അംഗീകരിച്ചത് |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/ അംഗീകരിക്കൽ | 2018മാർച്ച് 1-ന് മുൻപ് | 23-03-2018 ലെ ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി അംഗീകരിച്ചു. |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018മാർച്ച് 7-ന് മുൻപ് | 26-03-2018 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി യോഗം ചർച്ച ചെയ്തു. |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മിറ്റി ചേരൽ | 2018മാർച്ച് 31-ന് മുൻപ് | 26-03-2018 ലെ ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചു. |

ഗ്രാമപഞ്ചായത്തിന്റെ 2018-19 വർഷത്തെ ബജറ്റ്, പുതുക്കിയ ബജറ്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. മേൽ സാഹചര്യത്തിൽ ബജറ്റിൽ ഉൾപ്പെടാത്ത ഇനങ്ങളിൽ ചെലവുകൾ നടത്തിയിട്ടുണ്ടോയെന്നും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചിട്ടുണ്ടോയെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. കൂടാതെ പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയാണ് ബജറ്റ് തയ്യാറാക്കിയത്. പുതുക്കിയ ബജറ്റ് 14.02.2019-ലാണ് അംഗീകരിച്ചത് (തീരുമാനം നമ്പർ 3/1). നടപടിക്രമങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് ബജറ്റ് തയ്യാറാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

## 1-13 പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളിന്മേൽ നടപടികളില്ല.

17.01.2019 ലെ തീരുമാനം നം.4(21) പ്രകാരം 2018-19 വാർഷിക പദ്ധതിയുടെ ഭാഗമായുള്ള മരാമത്ത് പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കാത്ത കോൺട്രാക്ടർമാരെ കരിമ്പട്ടികയിലുൾപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിന് എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറെ ചുമതലപ്പെടുത്തി തീരുമാനിച്ചിരുന്നു. ടി തീരുമാനത്തിന്മേൽ എത്ര കോൺട്രാക്ടർമാരെ കരിമ്പട്ടികയിലുൾപ്പെടുത്തുന്നതിനു നടപടി സ്വീകരിച്ചുവെന്നതിന്റെ പൂർണ്ണ വിവരം (ഫയൽ ഉൾപ്പെടെ) ലഭ്യമാക്കുന്നതിന് എൻക്വയറി നം.44 തീയതി : 19.12.2019 പ്രകാരം ആവശ്യപ്പെട്ടെങ്കിലും ആരെയും കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടില്ലായെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പ്രാദേശിക സർക്കാരായ ഗ്രാമപഞ്ചാത്ത് കമ്മിറ്റിയുടെ തീരുമാനങ്ങളിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിന് എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതും നടപടി സ്വീകരിച്ചുവെന്ന് ഗ്രാമപഞ്ചാത്ത് കമ്മിറ്റി തൊട്ടടുത്ത ജനറൽ കമ്മിറ്റിയിൽ ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-14 കാരണം രേഖപ്പെടുത്താതെ രസീത് ബുക്കുകൾ ക്യാൻസൽ ചെയ്യുന്നു.

രസീത് ബുക്കുകളുടെ പരിശോധനയിൽ കാരണം രേഖപ്പെടുത്താതെ ചുവടെ ചേർക്കുന്ന രസീതുകൾ ക്യാൻസൽ ചെയ്തിരിക്കുന്നതായി കാണുന്നു.

a) ബുക്ക് നം. 20422 - 2 മുതൽ 100 വരെയുള്ളവ

b) ബുക്ക് നം. 17099 - രസീത് നം. 50

c) ബുക്ക് നം. 17100 - 1 മുതൽ 100 വരെയുള്ളവ

ഇത് ശരിയായ പ്രവണതയല്ല. ആയതിനാൽ കൃത്യമായ കാരണം രേഖപ്പെടുത്തിമാത്രം രസീതുകൾ ക്യാൻസൽ ചെയ്യുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-15 അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണ ഫീസ് - ശരിയായ നിരക്ക് ഈടാക്കുന്നില്ല.

അനധികൃത കെട്ടിടങ്ങളുടെ ക്രമവത്കരണ രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പെർമിറ്റ് എടുക്കാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ഉടമകളിൽ നിന്നും, കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011, തദ്ദേശ സ്വയംഭരണ വകുപ്പ് (ആർ.ഡി)-യിൽ നിന്നുള്ള 11.11.2015 ലെ 22981/ആർ.ഡി.2/15ത.സ്വ.ഭ.വ നമ്പർ കത്ത് എന്നിവ പ്രകാരം പെർമിറ്റ് ഫീസ് ഉൾപ്പെടെയാണ് ക്രമവത്കരണ ഫീസ് ഈടാക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ക്രമവത്കരണ ഫീസ് മാത്രമാണ് ഈടാക്കിയിട്ടുള്ളത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | ഉടമയുടെ പേര് | കെട്ടിടത്തിന്റെ തരം | കെട്ടിടത്തിന്റെ വിസ്തീർണം (ച.മീ) | പെർമ്മിറ്റ് നിരക്ക് (രൂപ) | ഈടാക്കിയ തുക (രൂപ) | ഈടാക്കേണ്ടുന്ന തുക (രൂപ) | വ്യത്യാസം (രൂപ) |
|---|---|---|---|---|---|---|---|
| 2651/18 | ശ്രീ.അബ്ദുൾ വഹാബ് | പാർപ്പിടം | 136.25 | 3 | 818 | 1227 | 409 |
| ഫയൽ ലഭ്യമാക്കിയില്ല | ശ്രീ.കുമാർ.പി | പാർപ്പിടം | 62.94 | 3 | 378 | 567 | 189 |
| 2400/18 | ശ്രീ.മുഹമ്മദ് കുഞ്ഞ് | വാണിജ്യം | 23.4 | 5 | 117 | 351 | 234 |
| 3601/18 | ശ്രീ.അയ്യപ്പൻ നായർ | പാർപ്പിടം | 92.76 | 3 | 557 | 835 | 278 |
| 4124/18 | ശ്രീ.ഷിജിൻ ഷാ | പാർപ്പിടം | 125.08 | 3 | 756 | 1126 | 370 |
| 4768/18 | ശ്രീ.ജയേഷ് / ശ്രീമതി.പ്രിയ.വി | പാർപ്പിടം | 137.27 | 3 | 788 | 1236 | 448 |
| 5247/18 | ശ്രീ.സുരേന്ദ്രൻ | പാർപ്പിടം | 97.37 | 3 | 584 | 877 | 293 |
| 5463/18 | ശ്രീ.കമാലുദ്ദീൻ | ലോഡ്ജ് | 127.12 | 5 | 1271 | 1907 | 636 |
| 4048/18 | ശ്രീ.രാജേഷ് രാജൻ | വാണിജ്യം | 63.76 | 5 | 638 | 957 | 319 |
| 5087/18 | ശ്രീ.സുമേഷ് ശ്രീ.സുരേന്ദ്രൻ/ ശ്രീമതി.സുമി.എസ്.എൽ | പാർപ്പിടം | 197.95 | 3 | 1188 | 1782 | 594 |
| 3868/18 | ശ്രീമതി.സന്ധ്യാ കുമാരി | പാർപ്പിടം | 107.49 | 3 | 645 | 968 | 323 |
| 5600/18 | ശ്രീ.സുരേഷ് കുമാർ | പാർപ്പിടം | 156.69 | 5 | 940 | 2351 | 1411 |
| 5034/18 | ശ്രീ.സുനിൽ കുമാർ | വാണിജ്യം | 15.75 | 5 | 168 | 237 | 69 |
| 5884/18 | ശ്രീ.തുളസി/ ശ്രീമതി.ലളിത | പാർപ്പിടം | 163.96 | 3 | 984 | 1476 | 492 |
| 5977/18 | ശ്രീമതി.കൃഷ്ണമ്മ/ ശ്രീമതി.ആശ | പാർപ്പിടം | 82.86 | 3 | 497 | 746 | 249 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3193/18 | ശ്രീമതി.നാദിയ മഷൂദ് | പാർപ്പിടം | 251.53 | 3 | 1509 | 2264 | 755 |
| 6310/18 | ശ്രീ.ഷിറാജ് | പാർപ്പിടം | 98.98 | 3 | 594 | 891 | 297 |
| 6616/18 | ശ്രീ.അജിലാൽ | വാണിജ്യം | 40.81 | 5 | 408 | 613 | 205 |
| 4581/18 | ശ്രീമതി.ധന്യ/ ശ്രീ.ബിനു | പാർപ്പിടം | 75.35 | 3 | 452 | 679 | 227 |
| 6931/18 | ശ്രീമതി.ഷറഫ | പാർപ്പിടം | 128.90 | 3 | 773 | 1161 | 388 |
| 6936/18 | ശ്രീ.സാമുവൽ | പാർപ്പിടം | 81 | 3 | 486 | 729 | 243 |
| 6990/18 | ശ്രീ.രഞ്ചിത്ത് | വിദ്യാഭ്യാസം | 167.7 | 5 | 1677 | 2516 | 839 |
| 7006/18 | ശ്രീമതി.നബീസത്ത് ബീവി | പാർപ്പിടം | 87.59 | 3 | 526 | 789 | 263 |
| 7324/18 | ശ്രീ.സതീഷ് കുമാർ | വാണിജ്യം | 25 | 5 | 250 | 375 | 125 |
| 102/19 | ശ്രീമതി.അഖില | പാർപ്പിടം | 146.30 | 3 | 878 | 1317 | 439 |
| 7678/18 | ശ്രീമതി.ഓമന | പാർപ്പിടം | 115.84 | 3 | 695 | 1043 | 348 |
| 31/19 | ശ്രീ.അനിൽ കുമാർ | വാണിജ്യം | 13.77 | 5 | 138 | 207 | 69 |
| 7797/18 | ശ്രീ.സജി/ ശ്രീമതി.ചിത്ര | പാർപ്പിടം | 140.62 | 3 | 844 | 1266 | 422 |
| 116/19 | ശ്രീ.അശോകൻ (പ്രസിഡന്റ്, SNDP ശാഖ നം. 5122) | ഓഫീസ് | 45.86 | 5 | 459 | 688 | 229 |
| 7441/18 | ശ്രീ.ശിവപ്രസാദ് | പാർപ്പിടം | 191.43 | 3 | 1149 | 1723 | 574 |
| 258/19 | ശ്രീ.സത്യനേശൻ | വാണിജ്യം | 21.6 | 5 | 216 | 324 | 108 |
| 1200/19 | ശ്രീ.മുജീബ് | പാർപ്പിടം | 192.68 | 3 | 1133 | 1735 | 602 |
| 1127/19 | ശ്രീമതി.വിജയ കുമാരി | പാർപ്പിടം | 64.86 | 3 | 389 | 584 | 195 |
| | | | | ആകെ | **22905** | **35547** | **12642** |

മേൽ തുക (12642/- രൂപ) കെട്ടിട ഉടമകളിൽ നിന്നും ഈടാക്കേണ്ടതും തുടർന്നുള്ള ക്രമവത്ക്കരണങ്ങളിൽ അപാകത വരാതെ ശ്രദ്ധിക്കേണ്ടതുമാണ്.

## 1-16 കെട്ടിട നികുതി നിർണയം - അപാകതകൾ നിറഞ്ഞത്.

2018-19 കാലയളവിൽ നികുതി നിർണയം നടത്തിയ കെട്ടിടങ്ങളുടെ രജിസ്റ്റർ, ഫയലുകൾ എന്നിവ പരിശോധിച്ചതിൽ 27.12.2011 ലെ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നം.IV(1) പ്രകാരമുള്ള നികുതിയല്ല നിർണ്ണയിച്ചിട്ടുള്ളതെന്ന് കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫയൽ നം | കെട്ടിട ഉടമയുടെ പേര്, വാർഡ് നം., കെട്ടിട നം. | കെട്ടിടത്തിന്റെ തരം, വിസ്തീർണം | നിർണയിച്ച അടിസ്ഥാന നികുതി നിരക്ക് | നിർണയിക്കേണ്ടിയിരുന്ന അടിസ്ഥാന നികുതി നിരക്ക് |
|---|---|---|---|---|
| 7761/17 | ശ്രീ.ചന്ദ്രബാബു.ആർ, W-8, 511 A to C | വാണിജ്യം, 114.84 $m^2$ | 50/- | 65/- |
| 1076/18 | ശ്രീ.ഷിബു.ജി.എസ്, W-7, 211 B to H | വാണിജ്യം, 234.92 $m^2$ | 50/- | 80/- |
| A2-3251/17 | ശ്രീ.ബാബു.കെ, | വാണിജ്യം, 180.37 $m^2$ | 50/- | 65/- |

| | | | | |
|---|---|---|---|---|
| | W-7, 491<br>A to B | | | |
| A2-1167/16 | ശ്രീ.ബിജു.സി,<br>W-6, 127<br>A to F | വാണിജ്യം,<br>295.57 $m^2$ | 50/- | 80/- |
| 6934/18 | ശ്രീമതി.സിനി.ബി.ജെ,<br>W-3, 160<br>A to E | വാണിജ്യം,<br>213.37 $m^2$ | 50/- | 80/- |

മേൽപ്പറഞ്ഞ പ്രകാരം നികുതി നിരക്കിൽ മാറ്റം വന്നിട്ടുള്ളതിനാൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ടുന്ന നികുതി വരവിൽ കുറവുണ്ടായിട്ടുണ്ട്. ആയതിനാൽ ഭരണസമിതിയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും സെക്രട്ടറിയും ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

## 1-17 അപൂർണ്ണങ്ങളായ അപേക്ഷകളിന്മേൽ ലൈസൻസ് അനുവദിച്ച് നൽകി.

2018-19 വർഷം ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മറ്റ് സംരഭങ്ങൾക്കും ഉള്ള ലൈസൻസ് അനുവദിച്ച് നൽകിയതിൽ 45 അപേക്ഷകൾ തെരഞ്ഞെടുത്ത് പരിശോധന വിധേയമാക്കി. തൻ വർഷം ലൈസൻസ് അനുവദിച്ച് നൽകിയ ചുവടെപ്പറയുന്ന അപേക്ഷകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | അപേക്ഷകൻ | സ്ഥാപനത്തിന്റെ പേര് | അപാകത |
|---|---|---|---|
| 1 | ശ്രീ.വിക്രമൻ | മുട്ടക്കോഴി വളർത്തൽ | ശരാശരി വിറ്റ് വരവ്, തൊഴിലാളികളുടെ എണ്ണം എന്നിവ രേഖപ്പെടുത്തിയിട്ടില്ല |
| 2 | ശ്രീ.മാഹിൻ | മെറ്റൽ, പാറപ്പൊടി | “ |
| 3 | ശ്രീ.ആർ.മണി | പലചരക്ക് വ്യാപാരം | “ |
| 5 | ശ്രീമതി.എം.കവിത | ആഹാര സാധനങ്ങൾ വിൽപ്പന | “ |
| 6 | ശ്രീമതി.ജി.അമ്മിണി | വെൽഡിംഗ് വർക്ക് ഷോപ്പ് | പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ലഭിച്ച സർട്ടിഫിക്കറ്റിന്റെ കാലാവധി 30-06-2018-ൽ അവസാനിച്ചു. പുതുക്കിയ സർട്ടിഫിക്കറ്റ് വാങ്ങി ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 7 | ശ്രീ.കെ.ബി.പ്രേമചന്ദ്രൻ | ചകിരിമിൽ | പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നും ഉള്ള സർട്ടിഫിക്കറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല |
| 8 | ശ്രീമതി.ധന്യ | എഞ്ചിനീയറിംഗ് വർക്ക് ഷോപ്പ് | “ |

വരും വർഷങ്ങളിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയ അപേക്ഷകളിന്മേൽ മാത്രം തുടർ നടപടികൾ സ്വീകരിച്ച് ലൈസൻസ് അനുവദിക്കേണ്ടതാണ്.

## 1-18 റേഷൻ കടകൾക്ക് ലൈസൻസ് നൽകിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ 14 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 19/11-12-2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ പ്രസ്തുത കടകൾ ലൈസൻസ് ഇല്ലാതെയാണ് 2018-19 വർഷം പ്രവർത്തിച്ചത്. ഇത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. സിവിൽ സപ്ലൈസ് കമ്മീഷണറുടെ നമ്പർ (ES)A9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടില്ല. പ്രസ്തുത സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കുന്നതിനുള്ള സത്വര നടപടികൾ ഗ്രാമപഞ്ചായത്ത് കൈക്കൊള്ളേണ്ടതാണ്.

## 1-19 ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല.

2018-19 വർഷം ട്രേഡേഴ്സ് ലിസ്റ്റ് പരിപാലിക്കുന്നതിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തു നിന്നും വീഴ്ച സംഭവിച്ചിട്ടുണ്ട്. ലൈസൻസ് എടുത്ത സ്ഥാപനങ്ങൾ എല്ലാം രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 22സ്ഥാപനങ്ങൾ 2018-19 വർഷം പ്രവർത്തിച്ചിരുന്നോ എന്നത് സംബന്ധിച്ച് രേഖകൾ ലഭ്യമാക്കാനോ വിശദീകരണം നൽകാനോ ഗ്രാമപഞ്ചായത്തിന് സാധിക്കുന്നില്ല. 2018-19 വർഷം പ്രവർത്തനം അവസാനിച്ച സ്ഥാപനങ്ങളെ വസൂലാക്കാൻ സാധിക്കാത്ത നികുതികൾ എഴുതിതള്ളൽ ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഡിമാന്റിൽ നിന്നും ഒഴിവാക്കിയിട്ടില്ല. ഇത് സംബന്ധിച്ച ഫീൽഡ് സ്റ്റാഫിന്റെ റിപ്പോർട്ട്, ബന്ധപ്പെട്ട കമ്മിറ്റി തീരുമാനങ്ങളുടെ പകർപ്പ് എന്നിവ ലഭ്യമാക്കിയില്ല.

എ)ലൈസൻസ് പുതുക്കിയിട്ടും ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ലാത്ത സ്ഥാപനങ്ങൾ

| ക്രമനം | വാർഡ് നമ്പർ | കെട്ടിട ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 3 | ശ്രീ.അബ്ദുൽ റഹീം, അഭിലാഷ് | കാലിത്തീറ്റ |
| 2 | 4 | ശ്രീ.ജെ.പദ്മനാഭൻ, പത്മദീപം | പ്രൊവിഷൻ സ്റ്റോർ |
| 3 | 4 | ശ്രീ.അശോകദാസ്, തെങ്ങുംവിളവീട് | ഹാർഡ് വേയർ ഷോപ്പ് |
| 4 | 6 | ശ്രീ.കബീറുദ്ദീൻ, കടയിൽ പുത്തൻവീട് | - |
| 5 | 7 | ശ്രീ.ആർ.മണി, ലക്ഷ്മി നിലയം | പ്രൊവിഷൻ സ്റ്റോർ |
| 6 | 7 | ശ്രീ.ജി.ബാബു, കൃഷ്ണനിവാസ് | സാമിൽ |
| 7 | 8 | കെ.ശശിധരൻ, വിളയിൽ വീട് | ടെക്സ്റ്റൈൽസ് |
| 8 | 9 | ശ്രീ.ഷാഫി, എസ്.ആർ മൻസിൽ | സിമന്റ് ബ്ലോക്ക് |
| 9 | 11 | ശ്രീ.ഹനഫി, കസനിവിള വീട് | സിമന്റ് വ്യാപാരം |
| 10 | 10 | അബ്ദുൾ ലത്തീഫ്, അർഷ മൻസിൽ | പ്ലംബിങ് മെറ്റീരിയൽസ് |

| | | | |
|---|---|---|---|
| 11 | 13 | ശ്രീ.അനിൽകുമാർ.എ, രാജി വിഹാർ | മെറ്റൽ, പാറപ്പൊടി വിൽപ്പന |
| 12 | 15 | ശ്രീ.എ.സതീഷ് കുമാർ, പൂരം | ബേക്കറി |
| 13 | 15 | ശ്രീ.അബ്ദുൾ ഷുക്കൂർ, റിയാസ് മൻസിൽ | പലവ്യഞ്ചനം |
| 14 | 15 | ശ്രീ.ബാബു.എൻ, ചരുവിളവീട് | ബാർബർ ഷോപ്പ് |
| 15 | 15 | ശ്രീ.അബ്ദുൾ നാസർ | ഹോട്ടൽ |
| 16 | 15 | ശ്രീ.മുരളീധരൻ, മാളവിക | ഫർണിച്ചർ ഷോറൂം |
| 17 | 15 | ശ്രീമതി.ലീന, പുത്തൻ കടവീട് | ടെക്സ്റ്റൈൽസ് |

**ബി)2018-19 ൽ പ്രവർത്തനം അവസാനിച്ചിട്ടും ഡിമാന്റിൽ നിന്നും ഒഴിവാക്കാത്ത സ്ഥാപനങ്ങൾ**

| ക്രമനം | വാർഡ് നമ്പർ | കെട്ടിട ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 1 | ശ്രീ.ഷംനാദ്, തിട്ടയിൽ വീട് | കയർ പിരിക്കൽ |
| 2 | 1 | ശ്രീമതി.നസീമ, ഹംദാസ്, തെന്നൂർ | ടെക്സ്റ്റൈൽസ് |
| 3 | 1 | ശ്രീമതി.അസീമ, സനൽ മൻസിൽ | ടെക്സ്റ്റൈൽസ് ആന്റ് ടെയിലറിംഗ് |
| 4 | 1 | ശ്രീ.നൗഷാദ്.ബി, വിളയിൽ വീട് | ബിൽഡിംഗ് മെറ്റീരിയൽസ് |
| 5 | 3 | ശ്രീ.ഷെമീം സൈനുദ്ദീൻ | നഴ്സറി |
| 6 | 3 | ശ്രീ.ഷാജഹാൻ, പുതുവൽ പുത്തൻവീട് | ബേക്കറി |
| 7 | 3 | ശ്രീ.രവീന്ദ്രൻ, ചീലാന്തിവിള | ചായക്കട |
| 8 | 4 | സീനിയർ മാനേജർ, കൺസ്യൂമർഫെഡ് | നന്മ സ്റ്റോർ |
| 9 | 4 | ശ്രീമതി.ഡി.രത്നകുമാരി, വടക്കുംകരവീട് | ഫാമിലി ഷോപ്പ് |
| 10 | 4 | ശ്രീ.ശോഭനകുമാർ, കളിയിൽ വീട് | ചായക്കട |
| 11 | 5 | ശ്രീ.എസ്.ഷീജ, പണ്ടാരവിളവീട് | പലവ്യഞ്ജനം |
| 12 | 5 | ശ്രീ.റ്റി.ബിന്ദു, കടയിൽവീട് | ഇലക്ട്രിക്കൽസ് |
| 13 | 6 | ശ്രീ.സുജാതൻ, മടയ്ക്കൽ വീട് | പ്രൊവിഷൻ സ്റ്റോർ |
| 14 | 7 | ശ്രീ.നിജാ വിജയൻ, വിജയ് നിവാസ് | തയ്യൽ കട |
| 15 | 8 | ശ്രീ.മണിലാൽ, ഹരിവിലാസം | സ്റ്റേഷനറി |
| 16 | 9 | ശ്രീ.രതീഷ് കുമാർ, അമ്മ ബ്ലോക്ക്സ് | ഹോളോ ബ്രിക്സ് |
| 17 | 9 | ശ്രീമതി.റസീനാ ബീഗം, | ടെക്സ്റ്റൈൽസ് |

| | | | |
|---|---|---|---|
| | | ആദിൽ മൻസിൽ | |
| 18 | 9 | ശ്രീമതി.മധുമ, ചരുവിള പുത്തൻ വീട് | പലവ്യഞ്ജനം |
| 19 | 9 | ശ്രീ.അബൂബക്കർ, ചരുവിള പുത്തൻ വീട് | പലവ്യഞ്ജനം |
| 20 | 11 | ശ്രീ.ജി.ബി.ബിനു, പ്ലാവിള പുത്തൻ വീട് | പലവ്യഞ്ജനം |
| 21 | 11 | ശ്രീ.അൻസിൽ, നസീഫ് മൻസിൽ | - |
| 22 | 12 | ശ്രീ.ആദർശ്.ബി.എസ്, പ്രണവം | സോളാർ ലൈറ്റ് ഇൻവർട്ടർ |
| 23 | 12 | ശ്രീമതി.സരിത, പൊന്നു സദനം | സ്റ്റേഷനറി |
| 24 | 12 | ശ്രീ.ബിനു, ബംഗ്ലാവിൽ വീട് | ബ്യൂട്ടി പാർലർ |
| 25 | 14 | ശ്രീ.അബ്ദുൾ ഖാദർ, സോജാ മൻസിൽ | ഇലക്ട്രിക്കൽ ആന്റ് പ്ലമ്പിംഗ് |
| 26 | 14 | ശ്രീമതി.അംബിക, മായാ നിവാസ് | സ്റ്റേഷനറി |
| 27 | 14 | ശ്രീ.രാജൻ, കോവിൽ വിള, പെരുങ്ങുഴി | ഡി.റ്റി.പി സെന്റർ |
| 28 | 15 | ശ്രീ.ഷിജോഷ്, ഭാർഗ്ഗവ നിവാസ് | ഫാൻസി |
| 29 | 15 | ശ്രീ.അബ്ദുൾ നാസർ | ഹോട്ടൽ |
| 30 | 16 | ശ്രീ.എസ്.ബിജു, സൗമ്യ നിവാസ് | സ്റ്റേഷനറി |
| 31 | 17 | ശ്രീമതി.സിന്ധു.വി.എസ്, ശിവോദയം | ഫാൻസി സ്റ്റോർ |
| 32 | 17 | ശ്രീമതി.എ.ആർ.തങ്കച്ചി | പൗൾട്രി |

സി)**2018-19 വർഷത്തെ പ്രവർത്തനം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിന് വ്യക്തതയില്ലാത്ത സ്ഥാപനങ്ങൾ**

| ക്രമനം | വാർഡ് നമ്പർ | കെട്ടിട ഉടമയുടെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|---|
| 1 | 1 | ശ്രീ.സഫീർ, അഫ്സ മൻസിൽ | പ്രോവിഷൻ സ്റ്റോർ |
| 2 | 1 | ശ്രീ.നിസാം, കളിയിൽ വീട് | റസ്റ്റോറന്റ് |
| 3 | 2 | ശ്രീ.ചിത്രാംഗദൻ, സി.ആർ മന്ദിരം | മുറുക്കാൻ കട |
| 4 | 2 | ശ്രീ.നിസാർ.ആർ | നിഹാൽ എന്റർപ്രൈസസ് |

| | | | |
|---|---|---|---|
| 5 | 4 | ശ്രീ.എം.ആർ.രഞ്ജിത്ത് | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 6 | 4 | ശ്രീമതി.ഉഷാകുമാരി | പച്ചക്കറി വ്യാപാരം |
| 7 | 5 | ശ്രീ.കെ.രാമചന്ദ്രൻ, ശ്യാംനിവാസ് | ഓയിൽ മിൽ |
| 8 | 6 | ശ്രീ.സജു കരുണാകരൻ, സജു നിവാസ് | പലവ്യഞ്ജന വ്യാപാരം |
| 9 | 6 | ശ്രീ.രഞ്ചിത്ത്, മുക്കുകട വീട് | വെൽഡിംഗ് വർക്ക് ഷോപ്പ് |
| 10 | 6 | ശ്രീ.ബി.ജയകുമാർ, പരക്കുടി വീട് | പലവ്യഞ്ജനം |
| 11 | 7 | ശ്രീ.ഷുജാത്ത് അലി, ബർക്കത്ത് | റൈസ് ആന്റ് ഫ്ലവർ മിൽ |
| 12 | 7 | ശ്രീ.ബി.ജയകുമാർ, ആർ.കെ മന്ദിരം | സ്റ്റേഷനറി |
| 13 | 7 | ശ്രീ.അനു.വി.നാഥ്, നാഥ് വിഹാർ | തടി കടച്ചിൽ |
| 14 | 8 | ശ്രീ.ഷൈജു, ലൈജാ ഭവൻ | ഫർണിച്ചർ വ്യാപാരം |
| 15 | 8 | ശ്രീ.ഷിബുരാജ്, ശ്രീരാഗം | കാർപെന്ററി വർക്ക് ഷോപ്പ് |
| 16 | 9 | ശ്രീമതി.പുഷ്പലത, കാർത്തിക ഭവൻ | തയ്യൽ കട |
| 17 | 13 | ശ്രീ.കൃത്യദാസൻ, സുഭദ്രാ മന്ദിരം | ഇലക്ട്രിക്, പെയിന്റിംഗ് |
| 18 | 14 | ശ്രീ.എ.വിക്രമൻ, എ.ആർ ഭവൻ | സൂപ്പർ മാർക്കറ്റ് |
| 19 | 15 | ശ്രീ.ഭദ്രൻ, ശ്രേയസ് | ഫാൻസി സ്റ്റോർ |
| 20 | 15 | പ്രസിഡന്റ്/സെക്രട്ടറി ക്ഷീരോൽപ്പാദന സഹകരണ സംഘം | പാൽ സംഭരണം, വിതരണം |
| 21 | 15 | ശ്രീ.പി.പ്രണവ്, പ്രണവം | ഡെന്റൽ ക്ലിനിക് |
| 22 | 15 | ശ്രീമതി.ഡീജ, വൈശാഖം | കമ്പ്യൂട്ടർ സെന്റർ |

## 1-20 കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം 2018-19 വർഷം ഗ്രാമ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവൃത്തി ഏറ്റെടുത്ത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. അസി.എഞ്ചിനീയർ ലഭ്യമാക്കിയ വിവരം പ്രകാരം ചുവടെ പറയുന്ന 10 കരാറുകാർ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നമ്പർ | പേര് |
|---|---|
| 1 | ശ്രീ.പ്രജോധനൻ |
| 2 | ശ്രീ. സുരേഷ്ബാബു |
| | |

| | |
|---|---|
| 3 | ശ്രീ. ജോയി.എസ്.ദാസ് |
| 4 | ശ്രീ. സുഭാഷ്.കെ |
| 5 | ശ്രീ. സുൽഫിക്കർ.എം. |
| 6 | ശ്രീ. ഷാഫി. എം |
| 7 | ശ്രീ. ഷിറാസ്. എ. |
| 8 | ശ്രീ. കവിരാജൻ.എസ്. |
| 9 | ശ്രീ. വിജൻ. എൽ. |
| 10 | ശ്രീ. ശരത് രാജ്.ആർ. ബി. |

എന്നാൽ മേൽ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ.28/16.12.2019) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-21 ഇ-ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2018-19 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫാറം വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ തുക നാളിതുവരെ അഴൂർ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും പഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു. ഇ-ടെണ്ടർ പ്രകാരം 28 പ്രവൃത്തികൾക്കായി ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയായ 92764/- രൂപ തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

# 1-22 പ്രവൃത്തിയുടെ അളവിനേക്കാൾ കൂടുതൽ തുക നൽകി . 5694/- രൂപ നിരാകരിക്കുന്നു.

അങ്കണവാടികൾക്ക് റൂഫിംഗ് & മെയിന്റനൻസ്(പ്രോജക്ട് നമ്പർ- 96/18-19) എന്ന പ്രവൃത്തിയിൽ സെന്റർ നമ്പർ 152 ാം അങ്കണവാടിയിൽ (മാടൻവിള), എഞ്ചിനീയറിംഗ് വിഭാഗവും, ഓഡിറ്റ് ടീമും 19.12.2019-ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ മേൽ പ്രവൃത്തിയുടെ ഇനം 11 പ്രകാരം 20mm കനത്തിലുള്ള സിമന്റ് കോൺക്രീറ്റ് ടൈൽസ് പാകിയ ഇനത്തിനും എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അളവിനേക്കാൾ കുറവായാണ് കണ്ടത്. ഈയിനത്തിൽ കരാറുകാരന് 5694/- രൂപാ അധികമായി നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-23 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു. 21347/-രൂപ നിരാകരിക്കുന്നു.

പുത്തൻ ചരുവിള പൊയ്കവിള റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും (പ്രോജക്ട് നമ്പർ- 104/19) എന്ന പ്രോജക്ടിന്റെ ഭൂരിഭാഗം പ്രവൃത്തിയും റോഡ് കോൺക്രീറ്റിംഗ് ആയിരുന്നു. റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദനീയമല്ല. എന്നാൽ പ്രസ്തുത പ്രവൃത്തി പ്രകാരം കരാറുകാരന് 21347/- രൂപ ജി.എസ്.റ്റി കോമ്പൻസേഷൻ ആയി അനുവദിച്ചു.പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. വിശദാംശങ്ങൾ ഖണ്ഡിക 3-2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-24 സ്പിൽ ഓവർ പദ്ധതികൾ തൻവർഷവും നടപ്പാക്കിയില്ല.

16-11-2013 ലെ സർക്കാർ ഉത്തരവ് നമ്പർ 362/2013/തസ്വഭവ ഖണ്ഡിക 11.3 xii (ഇ) യിലും 29-3-2017 ലെ 72/2017/ തസ്വഭവ നമ്പരിലുള്ള പദ്ധതി മാർഗനിർദ്ദേശത്തിലും സ്പിൽ ഓവർ പദ്ധതികൾ സ്പിൽ ഓവറായ വർഷംതന്നെ പൂർത്തീകരിക്കണമെന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ എ.ഇ. നിർവ്വഹണോദ്യോഗസ്ഥനായി 2018-19 ൽ അംഗീകാരം ലഭിച്ച സ്പിൽ ഓവർ പ്രോജക്ടുകളിൽ 3 എണ്ണം തൻവർഷവും നടപ്പാക്കിയില്ല എന്ന് നിർവ്വഹണദ്യോഗസ്ഥൻ ഓഡിറ്റ് എൻക്വയറിക്ക് (നം.23/10.12.2019) മറുപടി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക |
|---|---|---|---|
| 01 | 120/19 | പണ്ടാരവിള പാലവിള നടപ്പാത കോൺക്രീറ്റിംഗും പാർശ്വഭിത്തി നിർമ്മാണവും | 3,10,000/-<br>(283000-ധന. കമ്മീഷൻ അവാർഡ്,27000/-<br>മെയി. ഫണ്ട്-റോഡ്) |
| 02 | 123/19 | ജലസംരക്ഷണം പെരുങ്കുഴി മാർക്കറ്റ്, കമ്മ്യൂണിറ്റി ഹാൾ എന്നിവിടങ്ങളിലെ കിണർ റീച്ചാർജിംഗ്(ഫിൽട്ടർ ടാങ്ക് സ്ഥാപിക്കൽ) | 200000/-(195000/- ധന. കമ്മീഷൻ അവാർഡ്, 5000/- തനത് ഫണ്ട്) |
| 03 | 136/19 | തോണിച്ചാൽ നടപ്പാത കോൺക്രീറ്റിംഗ് | 50000/-<br>മെയി. ഫണ്ട്-റോഡ് |

സ്പിൽ ഓവർ പദ്ധതികൾ പ്രസ്തുത വർഷം തന്നെ പൂർത്തീകരിക്കുവാൻ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയും നിർവ്വഹണോദ്യോഗസ്ഥനും ശ്രദ്ധിക്കേണ്ടതാണ്.

## 1-25 റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് നമ്പർ ജി.ഒ(എം.എസ്)72/2017/എൽ.എസ്.ജി.ഡി; തീ.29.03.2017 പ്രകാരമുള്ള പദ്ധതി രൂപീകരണ മാർഗ്ഗരേഖ ഖണ്ഡിക 12.10(1) അനുസരിച്ച് പഞ്ചായത്ത് റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ ആണ് റോഡ് പ്രവർത്തികൾക്കുള്ള പദ്ധതികൾ

രൂപീകരിക്കേണ്ടത്. എന്നാൽ അഴൂർ ഗ്രാമ പഞ്ചായത്തിൽ ഇത്തരം പദ്ധതികൾ, കണക്ടിവിറ്റി ഭൂപടം ഇല്ലാതെയാണ് നടപ്പിലാക്കുന്നത്. റോഡ് കണക്ടിവിറ്റി ഭൂപടത്തിന്റെ അഭാവത്തിൽ പദ്ധതി നടപ്പാക്കുന്നത്, പ്രവൃത്തി നടത്തിപ്പിൽ അവ്യക്തത ഉണ്ടാക്കുന്നതിനും, പ്രവൃത്തികളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നതിനും, പാഴ്ച്ചെലവിനും കാരണമാകുന്നു. പഞ്ചായത്ത്, ചെറിയ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നതിനു പകരം, പൂർണ്ണമായ റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കി ജനോപകാരപ്രദമായ സമഗ്രപദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിയാൽ മാത്രമേ പഞ്ചായത്തിന്റെ കാലികമായ വികസനം ത്വരിതപ്പെടുകയുള്ളൂ. ഇക്കാര്യത്തിൽ വികസന കാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 1-26 ഇ-ടെണ്ടറിംഗ് നടപടി സ്വീകരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 20/18-19 |
| പ്രോജക്ടിന്റെ പേര് | കമ്മ്യൂണിറ്റി ഹാളിന് ഫർണിച്ചർ |
| അടങ്കൽ | 70,000/-(വികസന ഫണ്ട്) 422800/-(തനത് ഫണ്ട്) ആകെ-4,92,800/- |
| ചെലവ് | 3,51,680/- |

| | |
|---|---|
| പ്രോജക്ട് നമ്പർ | 21/18-19 |
| പ്രോജക്ടിന്റെ പേര് | പഞ്ചായത്ത് ഓഫീസിന് ഫർണിച്ചർ |
| അടങ്കൽ | 2,00,000/-(വികസന ഫണ്ട്) |
| ചെലവ് | 93,398/- |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

മേൽ പ്രോജക്ടുകളിലായി 2018-19 സാമ്പത്തിക വർഷം ഫർണിച്ചർ വാങ്ങുന്നതിന് 6,92,800/- രൂപ വകയിരുത്തി പ്രോജക്ടുകൾ രൂപീകരിച്ചിട്ടുണ്ട്. സ.ഉ.(എം.എസ്.)നം.13/2015/ഐ.റ്റി.ഡി.) തീയതി. 12-05.2015 പ്രകാരം എല്ലാ സർക്കാർ വകുപ്പുകൾക്കും പൊതുമേഖലാ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിന് മുകളിലുള്ള വാങ്ങലുകൾക്ക് ഇ-പ്രൊക്യൂർമെന്റ് സംവിധാനം നിർബന്ധമാക്കിയിട്ടുണ്ട്. ഫർണിച്ചർ വാങ്ങുന്നതിനായി മേൽ പ്രോജക്ടുകൾ പ്രകാരം 6,92,800/- രൂപ വകയിരുത്തിയിട്ടുള്ള സാഹചര്യത്തിൽ ഇ-ടെണ്ടറിംഗ് നടത്തിയിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.33/17.12.2019-ന് വ്യത്യസ്ത ഫർണിച്ചർ ഇനം ആകയാലാണ് ഇ-

ടെണ്ടർ നടപടി സ്വീകരിക്കാത്തതെന്ന മറുപടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ (സ.ഉ(പി)259/2010/ത.സ്വ.ഭ.വ തീയതി. 08.11.2010) ഖ.2.സി പ്രകാരം ഓഫീസ് ഉപകരണം, ഫർണിച്ചർ എന്നിവ വാർഷിക ആവശ്യം മുൻനിർത്തി മതിയായ എണ്ണം കണക്കാക്കി ഒന്നിച്ച് വാങ്ങേണ്ടതാണ് എന്ന സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം അംഗീകരിക്കാവുന്നതല്ല. സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്ന വേളയിൽ സർക്കാർ നിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനായി വിഷയം ബന്ധപ്പെട്ട കണക്കുകളും രേഖകളും തയ്യാറാക്കൽ വർക്കിംഗ് ഗ്രൂപ്പിന്റെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-27 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാൻ അവശേഷിക്കുന്നു.

2018-19 സാമ്പത്തിക വർഷം നിക്ഷേപ പ്രവർത്തികൾക്കായി അടവാക്കിയ ചുവടെ ചേർക്കുന്ന പ്രോജക്ടുകളുടെ പൂർത്തീകരണ സർട്ടിഫിക്കറ്റ്, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭിക്കാനവശേഷിക്കുന്നു.

| ക്രമ നം | പ്രോജ.നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | യു.സി.ലഭിക്കാനുള്ളത് | ബിൽ നം./ തീയതി |
|---|---|---|---|---|---|
| 1 | 16/18-19 | പൈപ്പ് ലൈൻ നീട്ടൽ | 7,20,000/- (ധനകാര്യ കമ്മീഷൻ അവാർഡ്) | 7,20,000/- | ബിൽ നം.18010652000100740587/ 31.10.18 |
| 2 | 14/18-19 | കെ.എസ്.ഇ.ബി. - പോസ്റ്റ് ഷിഫ്റ്റിംഗ് | 1,00,000/- (വികസന ഫണ്ട്) 3,50,000/- (ധനകാര്യകമ്മി.), തനത് ഫണ്ട് - 50,000/- ആകെ-5,00,000/- | 1,57,776/- * | ചെ.നം.6954800231 /06.03.19-12,998/- ബിൽ നം. 18010652000100208872/ 04.06.18-118407/- ബിൽ നം. 18010652000100479296 തീ. 31.08.18-76202/- ബിൽ നം. 18010652000100576893 തീ. 29.09.2018-12064/- ബിൽ നം. 18010652000100801637 തീ. 15.11.18-114717/- ബിൽ നം 18010652000100914192 തീ. 12.12.18-24863/- ബിൽ നം. 18010652000101044290 തീ. 14.01.19-95363/- |

*(ആകെ അടവാക്കിയ 4,54,614/- രൂപയിൽ 2,96,838/- രൂപയുടെ വിനിയോഗസാക്ഷ്യ പത്രം ലഭിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്). (KSEB, മംഗലപുരം അസി.എഞ്ചിനീയറുടെ 12.07.2019-ലെ DB37/Utilisation/AE/GPM/ 2019-2020/51, 52, 53, 54, 55, 56, 57, 58, 59 നമ്പർ കത്തുകൾ).

വാട്ടർ അതോറിറ്റി നൽകുന്ന എസ്റ്റിമേറ്റ് അടിസ്ഥാനമാക്കി വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തിക്കായി തുക ഡെപ്പോസിറ്റ് ചെയ്ത് പദ്ധതി നടത്തിപ്പിനായി രൂപീകരിച്ച പ്രോജക്റ്റിന്മേൽ 31.10.2018-ൽ വാട്ടർ അതോറിറ്റിയുമായി ഒപ്പു വച്ച കരാർ പ്രകാരം 3 മാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട്. എന്നാൽ സാമ്പത്തിക വർഷം പൂർത്തിയായശേഷവും പൂർത്തീകരണ സർട്ടിഫിക്കറ്റ്, യു.സി. എന്നിവ ലഭ്യമാക്കിയിട്ടില്ല. (എ.എഫ്.എസ് പ്രകാരം 2018-19 സാമ്പത്തിക വർഷം അവസാനിക്കുമ്പോൾ 26,75,640/- രൂപയുടെ പ്രവൃത്തി പൂർത്തീകരിക്കാൻ അവശേഷിക്കുന്നു) ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 35/17.12.2018-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

പോസ്റ്റ് ഷിഫ്റ്റ് ചെയ്യുന്നതിനായി കെ.എസ്.ഇ.ബി.-യുമായി കരാറിൽ ഏർപ്പെട്ട് നിർവ്വഹിച്ച പ്രോജക്റ്റിനായി2018-19 സാമ്പത്തിക വർഷം 4,54,614/- രൂപ ഡെപ്പോസിറ്റായി നൽകിയിട്ടുണ്ട്. കരാർ പ്രകാരം പ്രോജക്റ്റ് പൂർത്തീകരിക്കുന്ന മുറയ്ക്ക് ഫൈനൽ ബിൽ, പെർഫോമൻസ് റിപ്പോർട്ട്, പൂർത്തീകരണ സർട്ടിഫിക്കറ്റ്, യു.സി. എന്നിവ കെ.എസ്.ഇ.ബി. ലഭ്യമാക്കേണ്ടതുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 34/17.12.2018-ന് 2,96,838/- രൂപയുടെ വിനിയോഗസാക്ഷ്യ പത്രം ലഭിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട് ശേഷിക്കുന്ന തുകയുടെ പ്രവൃത്തി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് വർക്കിനായി അനുവദിച്ചതുകയുടെ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-28 കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയ ഇനത്തിലെ ചെലവ് - ബിൽ ബുക്ക് പ്രകാരം രണ്ട് തവണ പെയ്മെന്റ് നിർവ്വഹിച്ചു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | 48/18-19 |
| പ്രോജക്റ്റിന്റെ പേര് | ISO Certification |
| അടങ്കൽ | 3,10,000/-(വി.ഫ.) |
| ചെലവ് | 1,89,196/- |
| ബിൽ നം/ചെക്ക് നം | ബിൽ നം.18010652000100914196/12.12.18-30432/-<br>ബിൽനം.18010652000101246346/23.02.19-134536/-(ക്രമ നം.35)<br>ബിൽ നം.18010652000101419259/20.03.19-24228/- |
| നിർവ്വഹണഉദ്യോഗസ്ഥൻ | സെക്രട്ടറി |

പഞ്ചായത്തിലെ ISO സർട്ടിഫിക്കേഷന്റെ ഭാഗമായി Power CMS Technology-ൽ നിന്ന് കമ്പ്യൂട്ടർ, പ്രിന്റർ എന്നിവ വാങ്ങിയ ഇനത്തിൽ നൽകാനുള്ള 1,34,536/- രൂപയുടെ payment ബിൽ ബുക്ക് പ്രകാരം, 30/14.02.19 നമ്പർ ബിൽ പ്രകാരം നൽകിയിട്ടുണ്ട്. കൂടാതെ, 35/8.03.19 നമ്പർ ബിൽ പ്രകാരവും ഇതേ പേമെന്റ് നിർവ്വഹിച്ചിട്ടുണ്ട്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 36/17.12.19-ന് ലഭ്യമാക്കിയ മറുപടിയിൽ ഒരു പ്രാവശ്യം മാത്രമാണ് പേമെന്റ് നടത്തിയതെന്നും ബിൽ ബുക്കിൽ 30-ാം ക്രമ നമ്പരായുള്ള രേഖപ്പെടുത്തലിൽ ട്രഷറി ഓഫീസർ പിശകായി ഒപ്പിട്ടതാണെന്നുമാണ് അറിയിച്ചിട്ടുള്ളത്. ട്രഷറി ഓഫീസറിൽ നിന്ന് ഒരു പ്രാവശ്യം മാത്രമാണ് പേമെന്റ് നടത്തിയതെന്നുള്ളത് സാധൂകരിക്കുന്ന രേഖ, 2018-19 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ച ശേഷം കാൻസൽ ചെയ്ത ബില്ലുകളുടെ വിവരം എന്നിവ ലഭ്യമാക്കി ഓഡിറ്റ് പരാമർശം തീർപ്പ് കല്പിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

## 1-29 ക്ഷീരസമൃദ്ധി - ജില്ലാ പഞ്ചായത്ത് വിഹിതം പൂർണ്ണമായും ലഭ്യമായില്ല.

പ്രോജക്റ്റ് നമ്പർ- 17/19

പ്രോജക്റ്റിന്റെ പേര്- ക്ഷീരസമൃദ്ധി സബ്സിഡി(സംയോജിത പ്രോജക്റ്റ്)

അടങ്കൽ തുക – 820000/- (വികസന ഫണ്ട് - 220000/-, ബ്ലോക്ക് വിഹിതം -500000/-,

ജില്ലാ പഞ്ചായത്ത് വിഹിതം - 100000/-)

ചെലവ് - 780000/-

പ്രസ്തുത പദ്ധതി പ്രകാരം ജില്ലാ പഞ്ചായത്ത് വിഹിതം - 100000/ രൂപ വകയിരുത്തിയതിൽ 60000/- മാത്രമാണ് ജില്ലാപഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ചെലവഴിച്ചത്. ഇതുസംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് 60000/- രൂപ മാത്രമേ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമായിട്ടുള്ളൂ എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമായ വിഹിതം പൂർണ്ണമായും ചെലവഴിച്ചതായും മറുപടി നൽകിയിട്ടുണ്ട്. സംയുക്ത പദ്ധതികളുടെ ആസൂത്രണവേളയിൽത്തന്നെ ഫണ്ടുകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഭരണസമിതിയും നിർവ്വഹണോദ്യോഗസ്ഥരും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-30 പ്രോജക്ട് രൂപീകരണം - ഫണ്ട് വകയിരുത്തലിൽ അപാകം.

| | |
|---|---|
| പ്രോജക്റ്റ് | 117/19- കാളക്കുട്ടി പോത്ത്കുട്ടി വളർത്തൽ(SCP) -സ്പിൽ ഓവർ |
| അടങ്കൽ | 1,00,000/-(വി.ഫ.), ഗ്ര.വി.- 1,08,000/- |
| ചെലവ് | 20,000/-(വി.ഫ.), 16,000/-(ഗ്ര.വി.) |
| നിർവ്വഹണഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം കാളക്കുട്ടി പോത്ത്കുട്ടി വളർത്തൽ(SCP) പ്രോജക്ടുകൾക്ക്പരമാവധി 10,000/- രൂപ വരെ എന്നതിന് വിധേയമായി, 75% സബ്സിഡി അനുവദിക്കാവുന്നതാണ്. എന്നാൽ പ്രോജക്ട് രൂപീകരണത്തിൽ വികസന ഫണ്ട് 1,00,000/- രൂപയും ഗുണഭോക്തൃ വിഹിതം 1,08,000/- രൂപയും വകയിരുത്തിയാണ് പ്രോജക്ട് രൂപീകരിച്ചിട്ടുള്ളത്. 10 ഗുണഭോക്താക്കൾക്ക് യൂണിറ്റ് കോസ്റ്റായ 18000/- രൂപയിൽ 10000/- രൂപ വീതം ആകെ 1,00,000/- രൂപ ധന സഹായവും 8000/- രൂപ വീതം ഗുണഭോക്തൃവിഹിതം സ്വയം ചെലവഴിക്കുന്നതുമായാണ് പ്രോജക്ട് രൂപീകരിച്ചതെന്നും ഡേറ്റാ എൻട്രിയിൽ വന്ന പിഴവ് കാരണമാണ് 80,000/- രൂപയ്ക്കു പകരം 1,08,000/- രൂപ വകയിരുത്തിയതെന്നുമാണ് വിശദീകരണം (ഓഡിറ്റ് എൻക്വയറി നമ്പർ 37/17.12.2019-ന്റെ മറുപടി). പ്രോജക്ട് രൂപീകരണ വേളയിൽ വിഭവ സ്രോതസ്സുകളുടെ വകയിരുത്തലിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടതുണ്ട്. മൃഗസംരക്ഷണവും ക്ഷീരവികസനവും വർക്കിംഗ് ഗ്രൂപ്പിന്റെ മോണിറ്ററിംഗ് വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 1-31 കാലിതൊഴുത്ത് നവീകരണം - പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ.

| | |
|---|---|
| പ്രോജക്ട് നമ്പർ | S0055/19 |
| പ്രോജക്ടിന്റെ പേര് | കാലിതൊഴുത്ത് - നവീകരണം |
| അടങ്കൽ | 4,77,500/-(വി.ഫ.), 5,47,500/-, ഗു.വി.- 10,25,000/- |
| ചെലവ് | 4,00,000/-(വി.ഫ.), 4,00,000/-(ഗു.വി.) |
| ബിൽ നം/ചെക്ക് നം | C06/18-19-2,75,000/- Dt.24.11.2018<br>C13/18-19-1,00,000/- Dt.01.01.2019<br>C22/18-19- 25,000/- Dt.22.03.2019 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്റിനറി സർജൻ |

നിലവിൽ രണ്ടോ അതിലധികമോ കറവപശുക്കളെ വളർത്തുന്ന സ്വന്തമായി തൊഴുത്തുള്ള ചെറുകിട നാമമാത്ര കർഷകർക്ക് തൊഴുത്ത് നവീകരണം, ചാണകം മഴനനയാതെ സംരക്ഷിക്കുന്നതിന് സൗകര്യം എന്നിവ ഒരുക്കുന്നതിന് സാമ്പത്തിക സഹായം അനുവദിക്കുന്നതിന് രൂപീകരിച്ച പ്രോജക്ടിന്റെ നിർവ്വഹണത്തിൽ ചുവടെ ചേർക്കുന്ന അപാകങ്ങൾ നിലനിൽക്കുന്നു.

**1. ഗുണഭോക്തൃ ലിസ്റ്റിന്റെ മുൻഗണനാ ക്രമം പാലിച്ചിട്ടില്ല -**

പദ്ധതി നിർവ്വഹണത്തിൽ 2,5,6,7,9,13,14,16,21,22,27,33,36,38,45,47 എന്നീ മുൻഗണന ക്രമ നമ്പറുകളിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം 38/17.12.19-ന് യൂണിറ്റ് കോസ്റ്റായ 50,000/- രൂപ ചെലവഴിച്ച് പ്രവൃത്തി പൂർത്തീകരിക്കേണ്ട സാഹചര്യത്തിൽ മറ്റ് ഗുണഭോക്താക്കൾ തയ്യാറാകാത്തതിനാലാണ് ഇപ്രകാരം പദ്ധതി നിർവ്വഹണം പൂർത്തീകരിക്കേണ്ടി വന്നതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. പദ്ധതി സംബന്ധിച്ച പൂർണമായ വിശദാംശം

ഗുണഭോക്താക്കളിൽ എത്തിക്കുന്നതിനും അർഹതപ്പെട്ട ഗുണഭോക്താക്കളെ ഉൾക്കൊള്ളിച്ച് ഗുണഭോക്താക്കളുടെ ലിസ്റ്റ് തയ്യാറാക്കുന്നതിലും കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണ്. ഗുണഭോക്താക്കളുടെ മുൻഗണനയിൽ മാറ്റം ആവശ്യമുള്ള പക്ഷം, പദ്ധതി രൂപീകരണം മാർഗ്ഗരേഖ സ.ഉ.(കൈ)നം.17/2018/ത.സ്വ.ഭ.വ., തീയതി. 02.02.2018 ഖ.11.3-ലെ നിർദ്ദേശപ്രകാരം ആവശ്യമായ പരിശോധന നടത്തി ഫയലിൽ രേഖപ്പെടുത്തൽ ഉൾക്കൊള്ളിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

**2.** വികസന ഫണ്ട് 4,77,500/- രൂപയും തനത് ഫണ്ട് 5,47,500/- രൂപയും വകയിരുത്തി രൂപീകരിച്ച പ്രോജക്ടിൽ തനത് ഫണ്ടിൽ നിന്ന് തുക ചെലവഴിച്ചിട്ടില്ല. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് 1025000/- രൂപ വകയിരുത്തി 41 ഗുണഭോക്താക്കൾക്കായി രൂപീകരിച്ച പ്രോജക്ടിൽനിന്ന് 16 ഗുണഭോക്താക്കൾക്കായി 4,00,000/- രൂപയാണ് ചെലവഴിച്ചിട്ടുള്ളതെന്നും പദ്ധതി പൂർത്തീകരിക്കാത്തതിനാൽ, തുക വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കുകയായിരുന്നുവെന്നുമുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. ഫണ്ട് വിനിയോഗം സംബന്ധിച്ച സർക്കാർ മാർഗ്ഗനിർദ്ദേശം സ.ഉ.(കൈ)നം.11/18/തസ്വഭവ, തീയതി 29.01.2018-ലെ വിഭവസമാഹരണം സംബന്ധിച്ച മാർഗ്ഗനിർദ്ദേശം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്. ബന്ധപ്പെട്ട കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടക്കുറവ് വിഷയത്തിൽ ഉണ്ടായിട്ടുണ്ട്.

**3.** പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018 , തീയതി.29.01.2018 ഖ11.4 പ്രകാരം നിർവ്വഹണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തിയ പ്രോജക്ട് പൂർത്തീകരണ പത്രം സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം തയ്യാർ ചെയ്ത പ്രോജക്ട് പൂർത്തീകരണ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# 1-32 കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജക്ട് നിർവ്വഹണത്തിലെ അപാകങ്ങൾ.

| പ്രോജക്ട് | അടങ്കൽ | ചെലവ് |
|---|---|---|
| 69/19 - വാഴകൃഷി | 3,85,000/-(വി.ഫ.)<br>2,35,000/- (ഗു.വി) | 3,85,000/- (വി.ഫ.),<br>2,35,000/- (ഗു.വി) |
| | **ആകെ – 6,20,000/-** | **ആകെ – 6,20,000/-** |
| **66/19 - കിണർ റീചാർജ്** | 7,20,000/-(വി.ഫ.), 2,88,000/-<br>(ബ്ലോക്ക് വിഹിതം)<br>4,32,000/- (ജി.പ)<br>1,60,000/- (ഗു.വി) | 32,400/-(വി.ഫ),<br>12,960/- (ബ്ലോക്ക് വിഹിതം),<br>0/- (ജി.പ)<br>7200/- (ഗു.വി) |
| | **ആകെ - 16,00,000** | **ആകെ - 52,560/-** |

**<u>a)പ്രോജ.നം.69/19- വാഴകൃഷി</u>**

**<u>1. കൃഷി സ്ഥലത്തിന്റെ വ്യാപ്തി, അനുയോജ്യത എന്നിവ പരിശോധന വിധേയമാക്കുന്നില്ല.</u>**

100 വാഴ വീതമുള്ള 100 യൂണിറ്റ് കൃഷി ചെയ്യുന്നതിന് സൗജന്യമായി വിത്തും 75% സബ്സിഡി നിരക്കിൽ ജൈവവളം, കുമ്മായം എന്നിവ അനുവദിച്ച് നടപ്പിലാക്കാനായി പ്രോജ.നം.69/19- വാഴകൃഷി എന്ന പ്രോജക്ട് രൂപീകരിച്ചിട്ടുണ്ട്. വാഴകൃഷി പോലുള്ള ഇനങ്ങളിൽ കൃഷി ചെയ്യാൻ ഉദ്ദേശിക്കുന്ന സ്ഥലം പരിശോധന നടത്തി കൃഷി യോഗ്യമായ കൃഷി സ്ഥലത്തിന്റെ വ്യാപ്തി, അനുവദിക്കാവുന്ന യൂണിറ്റുകൾ എന്നിവ കൃഷി അസിസ്റ്റന്റ് ശുപാർശ ചെയ്യേണ്ടതുണ്ട്. 100 കർഷകർക്കും, കൃഷി സ്ഥലത്തിന്റെ വ്യാപ്തി പരിഗണിക്കാതെ 1 യൂണിറ്റ് വീതം കൃഷി അസിസ്റ്റന്റ് ശുപാർശ ചെയ്തു് കാണുന്നു. ഉദാഹരണമായി ശ്രീമതി. കുമാരി സി., രേഖകൾ പ്രകാരം ആകെ സ്ഥലം.01/17 ആർ, 01.99 ആർ, ശ്രീമതി. ശ്യാമള 02ആർ, ശ്രീമതി.അനിത ജി. 02.15 ആർ ആണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.47/19.12.2019-നുള്ള ലഭ്യമാക്കിയ മറുപടിയോടൊപ്പം ലഭ്യമാക്കിയ രേഖകൾ പരാമർശം ഒഴിവാക്കുന്നതിന് പര്യാപ്തമല്ല. ശ്രീമതി.ശ്യാമള 2 ആർ സ്ഥലത്തെ വാഴകൃഷിക്കും ശ്രീമതി.അനിത 5 സെന്റ് സ്ഥലത്തെ വാഴകൃഷിക്കുമാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടി പ്രകാരം 100 വാഴ കൃഷി ചെയ്യുന്നതിന് 10 സെന്റ് സ്ഥലം വേണമെന്നിരിക്കെ മേൽ അപേക്ഷകൾ പ്രകാരം 1യൂണിറ്റ്(100 വാഴ) അനുവദിക്കാവുന്നതല്ല. ഈ സാഹചര്യത്തിൽ പ്രോജക്ട് നിർവ്വഹണത്തിൽ അവശ്യം വേണ്ട പരിശോധനകൾ കൂടാതെ നിർവ്വഹണം നടത്തിയതായും മേൽനോട്ട ചുമതലയുള്ള കൃഷി അനുബന്ധ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ടം ഉണ്ടായിട്ടില്ല എന്നും വ്യക്തമാകുന്നു.

<u>2. പദ്ധതി പൂർത്തീകരണ പത്രം തയ്യാർ ചെയ്തിട്ടില്ല.</u>

പദ്ധതി മാർഗ്ഗരേഖ സ.ഉ(കൈ)നം.11/2018 , തീയതി.29.01.2018 ഖ11.4 പ്രകാരം നിർവ്വഹണം പൂർത്തീകരിക്കുന്ന മുറയ്ക്ക് പ്രോജക്ടിന്റെ ഭൗതിക ലക്ഷ്യങ്ങളും കൈവരിച്ച നേട്ടങ്ങളും വ്യക്തമായി രേഖപ്പെടുത്തിയ പ്രോജക്ട് പൂർത്തീകരണ പത്രം (അനുബന്ധം 5) സുലേഖ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കേണ്ടതുണ്ട്. ഇപ്രകാരം തയ്യാർ ചെയ്ത പ്രോജക്ട് പൂർത്തീകരണ പത്രം പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനെ തുടർന്ന് നൽകിയ ഓഡിറ്റ് എൻക്വയറി നം47/19.12.2019-ന് ലഭ്യമാക്കിയ മറുപടിയോടൊപ്പം ഹാജരാക്കിയ പൂർത്തീകരണ പത്രത്തിൽ അവശ്യം വേണ്ട പ്രോജക്ട് വഴി ലഭ്യമായ ആസ്തി/ഭൗതിക ലക്ഷ്യം, ഭൗതിക നേട്ടം എന്നിവയുടെ രേഖപ്പെടുത്തൽ വരുത്തിയിട്ടില്ല. .

മേൽ നോട്ട ചുമതലയുള്ള കൃഷി അനുബന്ധ പ്രവർത്തനങ്ങളും വർക്കിംഗ് ഗ്രൂപ്പിന്റെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ശ്രദ്ധ വിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

<u>b)66/19- കിണർ റീചാർജിംഗ്</u>

1. 200 ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിക്കത്തക്ക വിധം രൂപീകരിച്ച പ്രോജക്ടിൽ ഗുണഭോക്തൃ ലിസ്റ്റ് പ്രകാരം 141 ഗുണഭോക്താക്കളാണ് നിലവിലുള്ളത്. തൻ വർഷം പദ്ധതിയുടെ പ്രയോജനം 9 ഗുണഭോക്താക്കൾക്ക് മാത്രമാണ് ലഭിച്ചത്(ചെലവ്- 52,560/-). (ചെലവ് 3%) ഇതിൽ നിന്നും ഗുണഭോക്താക്കളുടെ എണ്ണം പരിഗണിക്കാതെയും, പ്രോജക്ടിന്റെ ആവശ്യകതാ പഠനം നടത്താതെയുമാണ് പദ്ധതി രൂപീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാകുന്നു. പ്രോജക്ട്

രൂപീകരണ, ഗുണഭോക്തൃ തെരഞ്ഞെടുപ്പ് വേളകളിൽ കൃഷി അനുബന്ധ മേഖല വർക്കിംഗ് ഗ്രൂപ്പിന്റെ കാര്യക്ഷമമായ മോണിറ്ററിംഗ്, മാർഗ്ഗനിർദ്ദേശം എന്നിവ ഉറപ്പുവരുത്തേണ്ടതാണ്.

2. <u>സർക്കാർ മാർഗ്ഗനിർദ്ദേശത്തിൽ നിന്ന് വിഭിന്നമായി പ്രോജക്ട് രൂപീകരിച്ചു.</u>

പദ്ധതി മാർഗ്ഗരേഖ സ.ഉ.(കൈ)നം.22/2018/ത.സ്വ.ഭ.വ. തീയതി 14.02.2018 പ്രകാരം കിണർ റീ ചാർജിംഗ് പോലെ മൂല്യ നിർണയം ആവശ്യമായി വരുന്ന സംഗതികളിൽ പണി പൂർത്തിയാക്കുന്ന മുറയ്ക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനതലത്തിൽ എഞ്ചിനീയർ/ ഓവർസിയർ പരിശോധന നടത്തി എസ്റ്റിമേറ്റ് നിർണ്ണയിച്ച് സബ്സിഡി മാർഗ്ഗ രേഖയ്ക്ക് അനുസൃതമായി തുക അനുവദിക്കേണ്ടതാണ്. മേൽ പ്രോജക്ടിൽ ഗുണഭോക്താക്കൾ 800/- രൂപ നിരക്കിൽ ഗുണഭോക്തൃ വിഹിതം സ്ഥാപനത്തിൽ അടവാക്കുന്ന വിധത്തിൽ ആണ് പ്രോജക്ട് രൂപീകരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളത്. (പ്രോജ. ഖ.30 വിഭവ സ്രോതസ്സുകൾ). മാർഗ്ഗരേഖ സ.ഉ.നം.22/2018/ത.സ്വ.ഭ.വ തീയതി.14.02.2018 പ്രകാരം മേൽ വിഷയത്തിലെ പ്രോജക്ടിന് ഗുണഭോക്തൃവിഹിതം ഈടാക്കുന്നതിന് പ്രൊവിഷൻ അനുവദിച്ചിട്ടില്ലാത്തതാണ്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(47/19.12.19) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ മാർഗ്ഗനിർദ്ദേശത്തിൽ നിന്ന് വിഭിന്നമായി പ്രോജക്ട് രൂപീകരിക്കാനിടയായത് മോണിറ്ററിംഗ് ചുമതലയുള്ള കൃഷിയും അനുബന്ധമേഖലകളും വർക്കിംഗ് ഗ്രൂപ്പിന്റെയും വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും വീഴ്ചയായി വിലയിരുത്തുന്നു.

<u>3. സംയുക്ത പ്രോജക്ടിനായി ജില്ലാ പഞ്ചായത്ത് വിഹിതം ലഭ്യമായില്ല – സബ്സിഡി പൂർണ്ണമായും അനുവദിച്ചില്ല. (പദ്ധതി നമ്പർ - 66/2019 കിണർ റീചാർജിംഗ്).</u>

ജില്ലാ പഞ്ചായത്ത് വിഹിതമായി 4,32,000/- രൂപ വകയിരുത്തിയിരുന്നെങ്കിലും ചെലവ് വന്നുകാണുന്നില്ല. വാല്വേഷൻ പ്രകാരം 8000/- രൂപയിൽ അധികം ചെലവുചെയ്ത ഗുണഭോക്താക്കൾക്ക് 5840/- രൂപയാണ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളത്. ഈ വിഷയത്തിൽ നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (47/19.12.19) മറുപടി ലഭ്യമാക്കിയില്ല. പദ്ധതി രൂപീകരണ നിർവ്വഹണ വേളകളിലും വിഭവ സ്രോതസുകളുടെ വകയിരുത്തലിലും കൂടുതൽ ശ്രദ്ധ ഉണ്ടാകേണ്ടതുണ്ട്.

# 1-33 വിവിധ പ്രോജക്ടുകൾ- മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണോദ്യോഗസ്ഥനായി 2018-19 വർഷം നടപ്പിലാക്കിയ ചുവടെപ്പറയുന്ന വിവിധ പ്രോജക്ടുകളുടെ ഭാഗമായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കു വരുത്തിയ തുകയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും ലഭ്യമായില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നമ്പർ, പേര് | | അപാകം |
|---|---|---|---|
| 1. | പ്രോജക്ട് നമ്പർ,പേര് | 08/18-19<br>(പി.എച്ച്.സിയ്ക്ക് മരുന്ന് വാങ്ങൽ) | 177262/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല |
| | | | |

| | | | | |
|---|---|---|---|---|
| | അടങ്കൽ | 500000 (മെയിന്റ.ഫണ്ട്- നോൺ റോഡ്) | | |
| | ചെലവ് | 500000 | | |
| | ബിൽ നമ്പർ | 08/18-19/20.10.2018 | | |
| 2. | പ്രോജക്റ്റ് നമ്പർ, പേര് | 13/18-19<br>(വയോജനങ്ങളുടെ ആരോഗ്യ പരിപാലനം- ആർദ്രം) | | 21240 രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല |
| | അടങ്കൽ | 260000 (വികസനഫണ്ട്) | | |
| | ചെലവ് | 260000 | | |
| | ബിൽ നമ്പർ | 08/18-19<br>26-10-18 | 250000 | |
| | | 12/18-19<br>01-01-19 | 10000 | |
| 3. | പ്രോജക്റ്റ് നമ്പർ, പേര് | 63/18-19<br>(വയോജനങ്ങളുടെ ആരോഗ്യ പരിപാലനം -ആർദ്രം) എസ്.സി | | 92111/- രൂപയുടെ മരുന്നുകൾ ലഭ്യമായിട്ടില്ല |
| | അടങ്കൽ | 568000(വികസന ഫണ്ട്- എസ്.സി.പി) | | |
| | ചെലവ് | 568000 | | |
| | ബിൽ നമ്പർ | 07/18-19<br>26-10-18 | 450000 | |
| | | 13/18-19<br>01-01-19 | 38336 | |
| | | 14/18-19<br>19-03-19 | 79664 | |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 29/16-12-2019) മറുപടി ലഭ്യമാക്കിയില്ല. മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റോക്കിൽ രേഖപ്പെടുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-34 കാലഹരണപ്പെട്ട മരുന്ന് സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഓ151/18-19 |
| പ്രോജക്റ്റിന്റെ പേര് | ഗവ.ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 500000 |
| ചെലവ് | 500000 |
| ബിൽ നമ്പർ | 01/18-19<br>25-09-2018 |

ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങുന്നതിലേക്കായാണ് പ്രസ്തുത പ്രോജക്ട് ആവിഷ്കരിച്ചത്. ഇൻവോയിസ് നമ്പർ 90102294/13-02-2019 പ്രകാരം ഔഷധിയിൽ നിന്നും ലഭിച്ച ശുദ്ധദർവാദി കേരം 450 ml എന്ന മരുന്നിന്റെ എക്സ്പയറി ഡേറ്റ് 06/2018 ആണെന്ന് രേഖപ്പെടുത്തിയിരിക്കുന്നു ( 4830 രൂപ). എന്നാൽ പ്രസ്തുത മരുന്ന് Return ചെയ്യാതെ സ്റ്റോക്കിലെടുത്ത് വിതരണം ചെയ്തതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 24/09-12-2019) ഔഷധിയുടെ സോഫ്റ്റ് വെയർ തകരാറ് മൂലമാണ് ഇപ്രകാരം സംഭവിച്ചതെന്നും മരുന്നിന്റെ എക്സ്പയറി തീയതി 12/2021 ആണെന്നും മറുപടി നൽകിയിരിക്കുന്നു. വരും വർഷങ്ങളിൽ സമാനമായ പ്രോജക്ടുകൾ ആവിഷ്കരിക്കുമ്പോൾ ജാഗ്രത പുലർത്തേണ്ടതാണ്.

## 1-35 പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് തുക ചെലവ് ചെയ്തു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 12/18-19 | |
| പ്രോജക്ടിന്റെ പേര് | ലാബിലേയ്ക്ക് റീ ഏജന്റും അനുബന്ധ വസ്തുക്കളും വാങ്ങൽ (ആർദ്രം) | |
| അടങ്കൽ | 70000 (മെയിന്റനൻസ് ഫണ്ട്-നോൺ റോഡ്) | |
| ചെലവ് | 70000 | |
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ-പി.എച്ച്.സി | |
| ബിൽ നമ്പർ | 05/18-19<br>26-10-18 | 23951 |
| | 11/18-19<br>01-01-19 | 16193 |
| | 19/18-19<br>20-03-19 | 29856 |

ലാബിലേക്ക് റീ ഏജന്റും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിലേക്കായാണ് പ്രോജക്ട് ആവിഷ്കരിച്ചത്. M/s Medical Distributors എന്ന സ്ഥാപനത്തിൽ നിന്നും സാധനങ്ങൾ വാങ്ങിയതിന്ആകെ 61769 രൂപ ചെലഴിച്ചിട്ടുണ്ട്. ഇതിലേക്കായി ക്ഷണിച്ച ക്വട്ടേഷനുകൾ, ക്വട്ടേഷൻ അംഗീകരിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനം, സപ്ലൈ ഓർഡർ, സെലക്ഷൻ നോട്ടീസ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ബിൽ നമ്പർ 19 പ്രകാരമുള്ള ചെലവിൽ 8231 രൂപ ശ്രീമതി.ബിന്ദു, എസ്.റ്റി പ്രസ് ഓഫ് സെറ്റ് എന്ന സ്ഥാപനത്തിന് രസീത് ബുക്കുകൾ, ഫാറങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് നൽകിയിട്ടുള്ളതാണ്. പ്രസ്തുത സാധനങ്ങൾ വാങ്ങാൻ പ്രോജക്ടിൽ ലക്ഷ്യമിട്ടിരുന്നില്ല. ഇവ വാങ്ങുന്നതിനായി എച്ച്.എം.സി ഫണ്ട് ഉപയോഗിക്കാമായിരുന്നെങ്കിലും അപ്രകാരം ചെയ്തിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 26/11-12-2019) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ പ്രോജക്ടിൽ വകയിരുത്തിയ ഇനങ്ങൾക്ക് മാത്രം തുക ചെലവഴിക്കേണ്ടതാണ്.

## 1-36 വാഹനം വാടകയ്ക്ക് എടുത്തതിന്റെ അനുബന്ധ

## രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

| | | |
|---|---|---|
| പ്രോജക്ട്നമ്പർ | S0065/19 | |
| പ്രോജക്ടിന്റെ പേര് | ദേശീയ ആരോഗ്യ പരിപാടിയുടെ കീഴിൽ രോഗ പ്രതിരോധ പ്രവർത്തനങ്ങൾക്കുള്ള വാഹന വാടക | |
| അടങ്കൽ | 30000 | തനത് ഫണ്ട് |
| ചെലവ് | 30000 | |
| ചെക്ക് നമ്പർ | 2538470<br>24-10-18 | 15000 |
| | 5886820<br>18-03-19 | 15000 |

പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിലേക്കായി 30000/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ വാഹനത്തിന്റെ ഉപയോഗം സംബന്ധിച്ച ട്രിപ്പ് ഷീറ്റ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സമാനമായ പ്രോജക്ടുകൾ വരും വർഷങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ മേൽ അപാകത സംഭവിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-37 എൽ.പി.എസ് സ്മാർട്ട് ക്ലാസ് റൂമിലേക്ക് ഫർണിച്ചർ വാങ്ങൽ- പ്രോജക്ടിൽ നിന്നും വ്യതിചലിച്ച് ചെലവ് ചെയ്തു.

| | |
|---|---|
| പ്രോജക്ട് നമ്പർ | 108/18-19 |
| പ്രോജക്ടിന്റെ പേര് | പെരുങ്ങുഴി എൽ.പി.എസ് സ്മാർട്ട് ക്ലാസ് റൂമിലേക്ക് ഉപകരണങ്ങൾ വാങ്ങൽ |
| അടങ്കൽ | 100000 (മെയിന്റ.നോൺ റോഡ്) |
| നിർവ്വഹണം | ഹെഡ്മിസ്ട്രസ് |
| ചെലവ് | 93843 |
| ബിൽ നമ്പർ | 08/18-19<br>18-03-2019 |

ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന പെരുങ്ങുഴി എൽ.പി.സ്കൂളിലെ സ്മാർട്ട് ക്ലാസ് റൂമിലേക്ക് ചുവടെപ്പറയുന്ന ഉപകരണങ്ങൾ വാങ്ങുന്നതിനാണ് പ്രോജക്ട് തയ്യാറാക്കിയത്.

**1.** ലാപ് ടോപ്പ് - 1

**2.** പ്രൊജക്ടർ- 1

**3.** പ്രൊജക്ടർ സ്ക്രീൻ- 1

**4.** സൗണ്ട് സിസ്റ്റം- 1

**5.** എയർ കണ്ടീഷനർ- 1

ടെണ്ടർ നോട്ടീസ്, ടെണ്ടർ ക്ഷണിച്ച പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല, വിവിധ ടെണ്ടറുകൾ ലഭിച്ചതിൽ അഴൂർ പഞ്ചായത്ത് ഭരണസമിതി യുടെ 01-02-2019 ലെ 2(9) നമ്പർ തീരുമാന പ്രകാരം സ്ഥാപനങ്ങളെ തെരഞ്ഞെടുത്ത് വിവിധ സാധനങ്ങളുടെ വില ചുവടെപ്പറയും പ്രകാരം ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്.

| ക്രമനം | ടെണ്ടർ ലഭിച്ച സ്ഥാപനം | ഉപകരണം | വില |
|---|---|---|---|
| 1 | Ms/- C.S ട്രേഡ് ലിംഗ്സ് | Supporting line for air conditioners | 4993 |
| 2 | Ms/- എ.ബി ട്രേഡ് ലിങ്ക്സ് | Air conditioner | 30350 |
| 3 | Ms/- മെഡിക്കൽ ആന്റ് വിഷ്വൽ ടെക്നോളജി | Projector | 29600 |
| 4 | Ms/- ആഡ്കോം സിസ്റ്റംസ് | ലാപ്ടോപ്പ് | 28900 |
| | | **ആകെ** | **93843** |

മേൽ പട്ടികയിൽ ക്രമ നമ്പർ 1 ആയി രേഖപ്പെടുത്തിയിരിക്കുന്ന ഇനം വാങ്ങാൻ പ്രോജക്ടിൽ തുക വകയിരുത്തിയിരുന്നില്ല. ഇപ്രകാരം പ്രോജക്ടിൽ ഭേദഗതി വരുത്താൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനം നൽകിയിട്ടില്ല. പ്രോജക്ട് ആവിഷ്കരിക്കുന്നതിന് മുൻപ് ആവശ്യകതാ നിർണ്ണയം സംബന്ധിച്ച് ഫീസിബിലിറ്റി പഠനം നടത്തിയതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. കൃത്യമായ ആവശ്യകതാ നിർണ്ണയം നടത്തിയ ശേഷം മാത്രം പ്രോജക്ടുകൾ ആവിഷ്കരിക്കാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## 1-38 സംയുക്ത പ്രോജക്ടുകളുടെ നടത്തിപ്പ് - സർക്കാർ നിർദ്ദേശം പാലിക്കുന്നില്ല.

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമപഞ്ചായത്തിന്റെ |
|---|---|

| | നടപടികൾ |
|---|---|
| **1.**സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ് | നിർദ്ദേശം പാലിച്ചിട്ടുണ്ട് |
| **2.**കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ് | നിർദ്ദേശം പാലിച്ചിട്ടുണ്ട് |
| **3.**സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | കരാർ ചമച്ചിട്ടില്ല |
| **4.**സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്ട് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് സഹായകമായ പ്രോജക്ട് തയ്യാറാക്കണം | നിർദ്ദേശം പാലിച്ചിട്ടുണ്ട് |
| **5.**ഗ്രാമ, ബ്ലോക്ക്,ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം | നിർദ്ദേശം പാലിച്ചിട്ടുണ്ട് |
| **6.**മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നിർദ്ദേശം പാലിച്ചിട്ടുണ്ട് |
| **7.**സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | ജോയിന്റ് വെൻചർ അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല |
| **8.**സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | തനത് ഫണ്ട് ആവശ്യത്തിലേക്കുള്ള ബാങ്ക് അക്കൗണ്ടിലാണ് സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് ക്രെഡിറ്റ് ചെയ്തിട്ടുള്ളത് |
| **9.**നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | നിർദ്ദേശം പാലിച്ചിട്ടുണ്ട് |

വരും വർഷങ്ങളിൽ സംയുക്ത പ്രോജക്ടുകളുടെ നിർവ്വഹണം സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പൂർണമായും പാലിച്ചുകൊണ്ട് പ്രോജക്ടുകൾ നടപ്പിലാക്കേണ്ടതാണ്.

## 1-39 വൃദ്ധർക്ക് കട്ടിൽ വാങ്ങൽ- സ്റ്റോർ പർച്ചേസ് മാന്വലിലെ നിർദ്ദേശം പൂർണമായും പാലിച്ചില്ല.

| ഐ.സി.ഡി.എസ് സൂപ്പർവൈസർ | | അസി.സെക്രട്ടറി | |
|---|---|---|---|
| പ്രോജക്ട് നമ്പർ | S0068/19 | പ്രോജക്ട് നമ്പർ | S0047/19 |
| പ്രോജക്ടിന്റെ | വയോജനങ്ങൾക്ക് | പ്രോജക്ടിന്റെ | വയോജനങ്ങൾക്ക് |

| പേര് | കട്ടിൽ | പേര് | കട്ടിൽ |
|---|---|---|---|
| അടങ്കൽ | 490000 (വി.ഫണ്ട്-ജനറൽ) | അടങ്കൽ | 490000 (വി.ഫണ്ട്-എസ്.സി.പി) |
| | 1550 (തനത് ഫണ്ട്) | | 1550 (തനത് ഫണ്ട്) |
| ചെലവ് | 383635 | ചെലവ് | 288575 |
| ബിൽ നമ്പർ | 21/18-19<br>26-03-2019 | ബിൽ നമ്പർ | 18/18-19<br>14-01-2019 |

അസി.സെക്രട്ടറി, ഐ.സി.ഡി.എസ് സൂപ്പർവൈസർ എന്നിവർ നിർവ്വഹണം നടത്തിയ മേൽ പ്രോജക്ടുകൾക്ക് 18-07-2018 ൽ വെവ്വേറെ ടെണ്ടറുകൾ ക്ഷണിച്ചു. രണ്ടു പ്രോജക്ടുകളുടെയും ടെണ്ടർ ലഭിച്ചിരിക്കുന്നത് Ms ട്രൈടെക്ക് ട്രേഡേഴ്സ് കൊല്ലം എന്ന സ്ഥാപനത്തിനാണ്. യൂണിറ്റൊന്നിന് 3395/- രൂപ അടങ്കൽ കണക്കാക്കിയ അക്കേഷ്യ തടിയിൽ നിർമ്മിച്ച കട്ടിൽ തന്നെയാണ് പ്രൊക്വയർമെന്റ് കമ്മിറ്റിയും 23/10/2018 ൽ ചേർന്ന ഭരണസമിതിയും 1(13), 1(14) എന്നീ തീരുമാനങ്ങൾ പ്രകാരം അംഗീകരിച്ചത് . S0068/18-19 നമ്പർ പ്രോജക്ടിലേക്ക് 113 കട്ടിലും S0047/18-19 പ്രോജക്ടിലേക്ക് 85 കട്ടിലും ഇതിൻപ്രകാരം വാങ്ങിയിട്ടുണ്ട്. സ്റ്റോർ പർച്ചേസ് മാന്വൽ ചട്ടങ്ങൾ (സ.ഉ.(പി)നം03/2013/എസ്.പി.ഡി തീയതി 21-06-2013 ലെ ഖണ്ഡിക 7.33 പ്രകാരം ഒരേ തരത്തിലുള്ള വസ്തുക്കളുടെ ആവശ്യകത ഒരുമിച്ച് കണക്കാക്കി വേണം ടെണ്ടർ ക്ഷണിക്കേണ്ടതെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇപ്രകാരം ഒറ്റ ടെണ്ടർ മേൽ പരാമർശിച്ച പ്രോജക്ടുകളുടെ നടത്തിപ്പിനായി ക്ഷണിക്കാതിരുന്നതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 40/19-12-2019) മറുപടി ലഭ്യമാക്കിയില്ല. വരും വർഷങ്ങളിൽ സ്റ്റോർ പർച്ചേസ് മാന്വൽ ഖ.7.33-ലെ വ്യവസ്ഥകൾ പൂർണമായും പാലിച്ചുകൊണ്ട് വാങ്ങൽ നടപടിക്രമങ്ങൾ നടത്തേണ്ടതാണ്.

## 1-40 എച്ച്.എം.സി നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2010-ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ ചട്ടങ്ങൾ പ്രകാരം പഞ്ചായത്തിന് കൈമാറിയ ഓരോ പൊതുജനാരോഗ്യ സ്ഥാപനത്തിനും വേണ്ടി ചെയർമാൻ ഉൾപ്പെടെ പതിനഞ്ച് അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജ്മെന്റ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ യോഗം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും കൂടേണ്ടതും യോഗത്തിലെടുക്കുന്ന തീരുമാനങ്ങൾ പ്രസ്തുത യോഗത്തിന് ശേഷം ചേരുന്ന ഗ്രാമസഭായോഗത്തിൽ വായിക്കേണ്ടതുമാണ്. അതിനായി യോഗ തീരുമാനത്തിന്റെ പകർപ്പുകൾ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഗ്രാമസഭാ കൺവീനർക്ക് നൽകേണ്ടതുമാണ്.

ആശുപത്രിയുടെ ഭൗതിക സാഹചര്യങ്ങളും ചികിത്സാ സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനായി ആശുപത്രി വികസനഫണ്ട് ആരംഭിക്കാവുന്നതും പൊതുജനങ്ങളിൽ നിന്നും സന്നദ്ധ സംഘടനകളിൽ നിന്നും സംഭാവനകൾ സ്വീകരിച്ച് ഫണ്ട് വർദ്ധിപ്പിക്കാവുന്നതാണ്. ജനങ്ങൾക്ക് ആശുപത്രിയുടെ മെച്ചപ്പെട്ട സേവനം ലഭ്യമാക്കുവാൻ എച്ച്.എം.സി യോഗത്തിൽ ഉചിതമായ തീരുമാനങ്ങളെടുക്കാവുന്നതും ആയത് പരിഗണിക്കുവാനായി ബന്ധപ്പെട്ട പഞ്ചായത്ത് കമ്മിറ്റി മുമ്പാകെ സമർപ്പിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിലെ ആയുർവേദ ആശുപത്രി

എച്ച്.എം.സി-യും, ഹോമിയോ ഡിസെപൻസറി എച്ച്.എം.സി-യും പ്രസ്തുത നടപടിക്രമങ്ങൾ പാലിക്കപ്പെടുന്നില്ല. അഴൂർ പ്രാഥമികാരോഗ്യ കേന്ദ്രം എച്ച്.എം.സി-യുടെ രജിസ്റ്ററുകളും രേഖകളും ഓഡിറ്റിന് ഹാജരാക്കാതിരുന്നതിനാൽ ഇക്കാര്യം ഉറപ്പ് വരുത്താനായിട്ടില്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

**[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]**

## 3-1 പ്രവൃത്തിയുടെ അളവിനേക്കാൽ കൂടുതൽ തുക നൽകി . 5694/- രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ- 96/18-19

പ്രോജക്ടിന്റെ പേര്- അങ്കണവാടികൾക്ക് റൂഫിംഗ് & മെയിന്റനൻസ്

അടങ്കൽ തുക – 900000/- (മെയിന്റനൻസ് ഫണ്ട് നോൺ റോഡ് )

ചെലവ് - 560000/-

ബിൽ നം. - 56/18-19 തീ.23.03.2019

കരാറുകാരൻ- ശ്രീ.ഷാഫി.എം

എം ബുക്ക് നമ്പർ- 266/18-19, 156/18-19

SOR – DsoR 2016

കോസ്റ്റ് ഇൻഡക്സ് - 44.12%

മേൽ പദ്ധതി പ്രകാരം ഉള്ള പ്രവൃത്തികളിൽ സെന്റർ നമ്പർ 152 ാം അങ്കണവാടിയിൽ (മാടൻവിള), എഞ്ചിനീയറിംഗ് വിഭാഗം, ഓഡിറ്റ് ടീം എന്നിവർ 19.12.19 ൽ നടത്തിയ സംയുക്ത സ്ഥലപരിശോധനയിൽ മേൽ പ്രവൃത്തിയുടെ ഇനം 11 പ്രകാരം 20mm കനത്തിലുള്ള സിമന്റ് കോൺക്രീറ്റ് ടൈൽസ് പാകിയതിന്റെ അളവ് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള അളവുകൾ സ്ഥലപരിശോധനയിൽ കണ്ടെത്തിയ അളവുമായി പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ.

**എം ബുക്കിലെ അളവുകൾ - DSR ഇനം 11.20.1**

| | | | |
|---|---|---|---|
| front portion | 8.80 m | ( 2.90+3.30) m<br>2 | 27.28m |
| back portion | 7.60 m | 2.40 m | 18.24m |
| | | | |

| | | | |
|---|---|---|---|
| back portion | 6.50 m | ( 1.10+1.75) m<br>2 | 9.26m |
| back portion | 1.10m | .3m | .33m |
| | | ആകെ | **55.110m** |

**സ്ഥല പരിശോധനയിൽ കണ്ടെത്തിയ അളവുകൾ - DSR ഇനം 11.20.1**

| | | | |
|---|---|---|---|
| front portion | 8.60 m | 2.80 m | 24.08 m |
| back portion | 6.30 m | 2.40 m | 15.12 m |
| back portion | 6.60 m | 1.50 m | 9.90 m |
| back portion | 1.55 m | 2.10 m | 3.25 m |
| | | **ആകെ** | **52.35 m** |
| Deductions (1.32+.28) | | | 1.6 m |
| സ്ഥല പരിശോധനയിൽ കണ്ടെത്തിയ ആകെ അളവ് | | | **50.75 m** |

പ്രസ്തുത ഇനം പ്രകാരം 4.36 m2 (55.110-50.75)അളവിന് 1306/$m^2$ രൂപാ നിരക്കിൽ 5694.16/- രൂപ അധികമായി കരാറുകാരന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക ഓഡിറ്റിൽ നിരാകരിക്കുന്നു. ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക് (നം.50/20.12.2019) മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയറിൽ നിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## 3-2 റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തിക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദിച്ചു. 21347/-രൂപ നിരാകരിക്കുന്നു.

പ്രോജക്ട് നമ്പർ- 104/19

പ്രോജക്ടിന്റെ പേര്- പുത്തൻ ചരുവിള പൊയ്കവിള റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും

അടങ്കൽ തുക –744000/- (വികസന ഫണ്ട്- എസ്.സി.പി)

ചെലവ് - 448283/-

കരാറുകാരൻ- ശ്രീ.സുരേഷ് ബാബു. എസ്. (Item rate)

അളവ് പുസ്തക നമ്പർ- 291/18-19

ബിൽ നമ്പർ- 52/18-19 തീയതി 19-03-2019

SOR – DSR 2016

കോസ്റ്റ് ഇൻഡക്സ് – 44.12%

റോഡ് കോൺക്രീറ്റിംഗും സൈഡ് വാൾ നിർമ്മാണവും ഉള്ള പ്രവൃത്തിയിൽ എസ്റ്റിമേറ്റ്, ബിൽ എന്നിവ പ്രകാരം ഭൂരിഭാഗം പ്രവൃത്തിയും റോഡ് കോൺക്രീറ്റിംഗ് ആണ്. പ്രവൃത്തിയുടെ ഭൂരിഭാഗം റോഡ് കോൺക്രീറ്റിംഗ് ആയതിനാൽ ജി.എസ്. റ്റി. കോമ്പൻസേഷൻ അനുവദനീയമല്ല. പ്രവൃത്തിയുടെ എസ്റ്റിമേറ്റിലെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തി ഇനം | വിശദാംശങ്ങൾ | അടങ്കൽ തുക |
|---|---|---|
| 1 | ഡി.എസ്.ആർ കോഡ് 11.1.1.1 | 18495.11 |
| 2 | RR (Dry ruble masonry) | 130808.13 |
| 3 | RR Cement Concrete | 174360.13 |
| 4 | Plastering (12.3) | 16118.4 |
| **സൈഡ് വാൾ ആകെ അടങ്കൽ** | | **339781.77** |
| 5 | Embankment | 9293.13 |
| 6 | 11.4.3.1 (Cement Concrete 1:2:4) | 358658.06 |
| **റോഡ് കോൺക്രീറ്റ് ആകെ അടങ്കൽ** | | **367951.19** |

ഇതു സംബന്ധിച്ച ഓഡിറ്റ് എൻക്വയറിക്ക്(നം.51/20.12.2019) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പ്രവൃത്തിയുടെ ആകെ പ്രവൃത്തിമൂല്യത്തിന്റെ (426936/-) 5ശതമാനം (21347) ജി.എസ്.റ്റി കോമ്പൻസേഷനായി അനുവദിച്ചതായി കാണുന്നു. 01.11.2017 ലെ GO(P) No.87/2017/ത.സ്വ.ഭ.വ. ഉത്തരവ് പ്രകാരം റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദനീയമല്ല. പ്രസ്തുത ഉത്തരവിലെ പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രവ്യത്തികൾ കൂട്ടിച്ചേർത്ത് വരികയാണെങ്കിൽ പ്രസ്തുത ഇനത്തിൽ ഏറ്റവും കൂടുതൽ അടങ്കൽ തുക വരുന്ന ഇനത്തിന്റെ ജി.എസ്.റ്റി കോമ്പൻസേഷൻ നൽകേണ്ടതാണ് എന്ന് സൂചിപ്പിച്ചിട്ടുണ്ട്. മേൽ പ്രവൃത്തിയിൽ റോഡ് കോൺക്രീറ്റിംഗ് ഇനങ്ങൾക്കുള്ള അടങ്കൽ തുകയാണ് കൂടുതൽ എന്ന് കാണുന്നു. ആയതിനാൽ പ്രസ്തുത പ്രവൃത്തിക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ അനുവദനീയമല്ല. ഈയിനത്തിൽ അധികമായി നൽകിയ 21347/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. പ്രസ്തുത തുക നിർവ്വഹണോദ്യോഗസ്ഥയായ അസി.എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 15-07-2019 മുതൽ 17-07-2019 വരെ | കെ.എസ്.എ.റ്റി.വി.എം./ജി.പി.8/ 1445/19തീയതി 17.08.2019 |

## 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് | 2018-19 | 60000 | ക്ഷീരസമൃദ്ധി- സബ്സിഡി | 60000 | 0 |
| | | 235125 | സ്നേഹസ്പർശം | 235125 | 0 |
| | | 17000 | കേദാരം (നെൽകൃഷി വികസനം) | 17000 | 0 |
| | | 1159262 | ലൈഫ് ഭവന പദ്ധതി | 1159262 | 0 |
| | | 42500 | കേദാരം (നെൽകൃഷി വികസനം) | 42500 | 0 |
| | | 1302840 | ലൈഫ് ഭവന പദ്ധതി (എസ്.സി) | 940000 | 362840 |
| | | 182000 | ഹരിത ഭവനം | 182000 | 0 |
| | ആകെ | 2998727 | | 2635887 | 362840 |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 500000 | ക്ഷീരസമൃദ്ധി- സബ്സിഡി (17/18-19) | 500000 | 0 |
| | | 235125 | സ്നേഹസ്പർശം (19/18-19) | 235125 | 0 |
| | | 42500 | കേദാരം- നെൽകൃഷി വികസനം (31/18-19) | 34000 | 8500 |
| | | 838440 | ലൈഫ് ഭവന പദ്ധതി -ജനറൽ (32/18-19) | 838440 | 0 |
| | | 42500 | കേദാരം നെൽകൃഷി വികസനം (34/18-19) | 42500 | 0 |
| | | 1010650 | ലൈഫ് ഭവന പദ്ധതി (എസ്.സി) (36/18-19) | 0 | 1010650 |
| | | 203040 | കിണർ റീചാർജിംഗ് (66/18-19) | 12960 | 190080 |
| | | 70400 | കിണർ റീചാർജിംഗ് -എസ്.സി (67/18-19) | 0 | 70400 |
| | | 15000 | ജൈവ സമൃദ്ധി- തരിശ് ഭൂമിയിൽ പച്ചക്കറി കൃഷി (72/18-19) | 15000 | 0 |
| | **ആകെ** | **2957655** | | **1678025** | **1279630** |

| | 17-18 B4 പ്രകാരം മുന്നിരിപ്പ് | 18-19 RP 31 പ്രകാരം | ആകെ | സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ചെലവ് | 18-19 B4 പ്രകാരം നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ജില്ല പഞ്ചായത്ത് വിഹിതം | 0 | 2998727 | 2998727 | 2635887 | 362840 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 0 | 2957655 | 2957655 | 1678025 | 1279630 |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻബാക്കി | മുൻകൂർ നൽകിയ തുക | ആകെ | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ | 3357992 | 720000 | 4077992 | 1402352 | 2675640 |
| കെ.എസ്.ഇ.ബി | സ്ട്രീറ്റ് മെയിൻ | 325311 | 0 | 325311 | 0 | 325311 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | ജി.ഒ.(എം എസ്)68/18 തീയതി 18.05.2018 | 20800000 | 0 | 0 | 0 | 20800000 |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഓ (എം.എസ്) | 17500000 | 2000000 | 2000000 | 0 | 0 |

## 4-6 സ്ഥിര നിക്ഷേപം

| സർട്ടിഫിക്കറ്റ് നമ്പർ | സ്ഥിരനിക്ഷേപം ആരംഭിച്ച തീയതി | ആരംഭ തുക | നാളിതുവരെ ലഭിച്ച പലിശ | നിലവിലെ തുക | മെച്യൂരിറ്റി തീയതി | നിക്ഷേപിച്ചിരിക്കുന്ന സ്ഥാപനം |
|---|---|---|---|---|---|---|
| 103035 | 03-10-2012 | 406017 | 314762 | 720779 | 11/06/2019 | ജില്ലാ സഹകരണ ബാങ്ക്- ചിറയിൻകീഴ് |

| | | | | | | ബ്രാഞ്ച് |
|---|---|---|---|---|---|---|

## 4-7 ഓഡിറ്റ് റിക്കവറി

**ഈയിനത്തിൽ തൻവർഷം വരവില്ല.**

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

**ലഭ്യമല്ല**

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

**ഇല്ല**

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 101763818 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 99588719 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 27041 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ഇല്ല |

**(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 5694 | ശ്രീമതി രാമസുധ, അസി.എഞ്ചിനീയർ |
| 3-2 | 21347 | ശ്രീമതി രാമസുധ, അസി.എഞ്ചിനീയർ |
| ആകെ | 27041 | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

**ഇല്ല**

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

**ഇല്ല**

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

**ഇല്ല**

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി രാമസുധ, അസി.എഞ്ചിനീയർ | A.E, ആര്യനാട് ഗ്രാമപഞ്ചായത്ത് | സോപാനം, പാളയം ജം., നെടുമങ്ങാട്-695541 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 2 | |
| 2007-08 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 5 | |
| 2010-11 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 7 | |
| 2011-12 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 1 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 1 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 5 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/853/2018 തീയതി 05.06.2018 | 4 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/761/ 2017 തീയതി 20.04.2017 | 9 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/761/2017 തീയതി 20-04-2017 | 9 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി.8/201/2019 തീയതി 30-04-2019/ 29-05-2019 | 26 | |

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**

# <u>അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ **അഴൂർ ഗ്രാമപഞ്ചായത്തിന്റെ 2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ **അഴൂർ ഗ്രാമ പഞ്ചായത്തിന്റെ 2018-19** -ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

ഒപ്പ്

**ഡെപ്യൂട്ടി ഡയറക്ടർ,**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

PR 12/03/2020